# മരിയദൂത്

A Schoenstatt Movement Publication



ഉയിരേകാൻ...






**25th Priestly Jubilee of Fr. Paul Panamkulam**





**SLA Schoenstatt Language Academy, Kuttur**



**Schoenstatt Academy, Kuttur**



**Act of convenant of love**





**Schoenstatt Fathers in Parishes**

# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2020 ഫെബ്രുവരി - മാർച്ച് - ഏപ്രിൽ**



രക്ഷാധികാരി

**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ

**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
Mob: 9400417552

എഡിറ്റർ


**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ

**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്

**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാത്തേലിൽ** ISch


Cover Design
**Schoenstatt Media**

# താളുകളിലൂടെ......


**ലേഖനങ്ങൾ**

ഉയിർപ്പ് - പ്രത്യാശയുടെ ആഘോഷം - **മാർ ജോസ് പൊരുന്നേടം**

പെസഹാ വ്യാഴം - **ഡോ. വിൻസെന്റ് ചെറുവത്തൂർ**

ഉത്ഥാന അനുതാപകാലം - **ഡോ. ഹെർബർട്ട് കിംഗ് ISch**

സമ്പത്ത്: ന്യായവും അന്യായവും - **ഡോ. കൊച്ചുറാണി ജോസഫ്**

എന്റെ പ്രണയിനി - **ബ്രദർ അബിൻ ISch**

ഉത്ഥാന അനുഭവം കുടുംബ ജീവിതത്തിൽ - **ഡോ. വിൽസൻ പാറേക്കാട്ടിൽ ISch**

ദുഃഖവെള്ളിയുടെ നൊമ്പരങ്ങളിലൂടെ... - **ഫാ. ഷാജൻ മാണിക്യത്താൻ ISch**

**കൂടാതെ...**

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

ബാലദൂത് - **ഡീക്കൻ റൊണാൾഡ് ISch**

ഹൃദയമൊഴി - **ഡോ. ജോയ് പുതുശ്ശേരി ISch**

വാർത്താജാലകം

എഡിറ്റോറിയൽ

# പീഡിതനിൽ ആശ്വാസമേ...

“നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്ത് സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാകാര്യങ്ങളിലും നമ്മെപോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. അതിനാൽ, വേണ്ട സമയത്തു കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്കു പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം'' (ഹെബ്രാ. 4:15–16). ക്രിസ്തുവിന്റെ പീഢാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ആവശ്യം എന്തായിരുന്നു എന്ന് ഈ ലേഖനഭാഗം വ്യക്തമാക്കുന്നു. അധികാരവും ശക്തിയും മഹത്വവും മാത്രമല്ല ദൈവത്തിന്റെ വിശേഷണങ്ങൾ. അത്യുന്നതങ്ങളിൽ മാത്രം വസിക്കുന്ന ഒരു ദൈവവുമല്ല അവിടുന്ന്.

ബലഹീനമായ മനുഷ്യപ്രകൃതിയിലേക്ക് ക്രിസ്തു ഇറങ്ങിവരുന്നത് മനുഷ്യനെ ദൈവീകതയിലേയ്ക്ക് ഉയർത്താനാണ്. ഒറ്റപ്പെടുത്തലിന്റെയും കുറ്റപ്പെടുത്തലിന്റെയുമൊന്നും വേദന നിനക്ക് അറിയില്ലല്ലോ എന്ന് അവനെ പഴിപറയാൻ ക്രിസ്തുവിനെ അറിഞ്ഞവർക്കാവില്ല. മുറിവേറ്റവനെ അവൻ ആശ്വസിപ്പിക്കുന്നത് അവന്റെ തന്നെ മുറിവുകൾ കാണിച്ചു കൊടുത്തുകൊണ്ടാണ്.

ഇടറുന്നവർക്ക് ബലം നൽകുവാൻ, അവൻതന്നെ അതിജീവിക്കേണ്ടി വന്ന പരീക്ഷണങ്ങളെക്കുറിച്ചാണ് അവൻ പറഞ്ഞു കൊടുക്കുന്നത്. നിന്ദിക്കപ്പെടുന്നവരോടും അനീതി അനുഭവിക്കേണ്ടിവരുന്നവരോടും ക്രിസ്തു പക്ഷം ചേരുകയും നിന്റെ സഹനങ്ങളിൽ ഞാനും ഉണ്ട് എന്ന് ആശ്വസിപ്പിക്കുകയും ചെയ്യുന്നു. സഹിച്ചവനാണല്ലോ സഹിക്കുന്നവരുടെ വേദനയിൽ പങ്കുചേരാൻ സാധിക്കുന്നത്. അവന്റെ പീഢാസഹനങ്ങളിൽ നമ്മുടെ ദുഃഖദുരിതങ്ങൾ അലിയുന്നു. അല്ലെങ്കിൽ പിന്നെ കുരിശിൽ ചലനമറ്റു കിടക്കുന്ന ക്രിസ്തുരൂപത്തിന്റെ മുന്നിൽ കണ്ണടച്ച് കൈക്കൂപ്പി ഇങ്ങനെ നിൽക്കേണ്ടതുണ്ടോ? ക്രൂശിതനായ ക്രിസ്തുവിലാണ് പീഡിതർക്കെന്നും ആശ്വാസം എന്നുള്ള ഏറ്റുപറച്ചിലാണിത്.

ഏവർക്കും ഈസ്റ്റർ പ്രാർത്ഥനാമംഗളങ്ങൾ നേർന്നുകൊണ്ട്,

**ജോസച്ചൻ**



# ഉയിർപ്പ് - പ്രത്യാശയുടെ ആഘോഷം

**മാർ ജോസ് പൊരുന്നേടം**
**(മാനന്തവാടി രൂപത മെത്രാൻ)**

കർത്താവിനാൽ സ്നേഹിക്കപ്പെടുന്നവരെ,

നാം ഉയിർപ്പ് തിരുനാൾ ആഘോഷിക്കാൻ ഒരുങ്ങുകയാണല്ലോ, ഏവർക്കും ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. ഉയിർപ്പ് പ്രത്യാശയുടെ ആഘോഷമാണ്. പിതാവായ ദൈവം തന്റെ അനന്ത പരിപാലനയിൽ ലോകരക്ഷയ്ക്കായി ഒരുക്കിയ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണം. ഓരോ ഈസ്റ്ററിലും നമ്മുടെ ഹൃദയങ്ങളിലേക്ക് ഈ പ്രത്യാശയിൽ നിന്നും ഉരുത്തിരിയുന്ന സമാധാനമാണ് ചൊരിയപ്പെടുന്നത്. ഈ പ്രത്യാശയും സമാധാനവും സ്വന്തമാക്കാൻ ഓരോ ഈസ്റ്ററും നമ്മളോട് ആഹ്വാനം ചെയ്യുന്നു. ഉയിർപ്പ് നമുക്കോരോരുത്തർക്കും രണ്ടുതരത്തിലുള്ള പ്രത്യാശ നൽകുന്നുണ്ട് ഒന്നാമതായി യേശു എന്ന പ്രത്യാശ, രണ്ടാമതായി യേശുവിലൂടെ ലഭിക്കുന്ന പ്രത്യാശ.

**യേശു എന്ന പ്രത്യാശ**

യേശുവിന്റെ ജനനത്തിൽ ദൈവം ദൂതരിലൂടെ ആട്ടിടയന്മാരെ അറിയിച്ച സന്ദേശം "സകല ജനത്തിനും വേണ്ടിയുള്ള സദ്വാർത്തയാണ്." രക്ഷകൻ അഥവാ ക്രിസ്തു ജനിച്ചിരിക്കുന്നു (ലൂക്ക 2,10). ജനനസമയത്ത് തന്നെ മാലാഖ വ്യക്തമാക്കി അവൻ ക്രിസ്തുവാണ് ക്രൂശിക്കപ്പെടേണ്ടവനാണ്. യോഹന്നാനും ഇതുതന്നെ വ്യക്തമാക്കുന്നുണ്ട് "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' ഇസ്രായേൽ ജനത്തിന്റെ സാഹചര്യവുമായി ചേർന്ന് വേണം ഈ പ്രത്യാശ നാം മനസ്സിലാക്കാൻ. ഇസ്രായേൽ ജനത്തിന്റെ കേന്ദ്രമായിരുന്നു ജെറുസലേം ദേവാലയം. ഓരോ യഹൂദനും വേണ്ടി ആണ്ടുതോറും പ്രധാന പുരോഹിതൻ ബലി അർപ്പിച്ചിരുന്നു (ഹെബ്ര. 7,27). എന്നാൽ ഓരോ വർഷവും ഇത് ആവർത്തിക്കേണ്ടിയിരുന്നു (ഹെബ്രു. 10,11). ഈശോ തന്റെ പീഡാനുഭവത്തിലൂടെ തിന്മയുടെ എല്ലാ ശക്തികൾക്കും മേൽ വിജയം നേടി എന്നേക്കുമുള്ള പാപപരിഹാര ബലി ഈശോ കുരിശിൽ അർപ്പിച്ചു. ഇവിടെയാണ് യോഹന്നാന്റെ സുവിശേഷത്തിലെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായി ഈശോ മാറുന്നത്. യേശുവിനെയും, ബറാബാസിനെയും മുന്നിൽ നിർത്തിക്കൊണ്ട് പീലാത്തോസ് ചോദിക്കുന്നുണ്ട് ഇതിൽ ആരെയാണ് ഞാൻ നിങ്ങൾക്ക് വിട്ടുതരേണ്ടത്? ലേവ്യരുടെ പുസ്തകത്തിൽ യഹൂദരുടെ ശുദ്ധീകരണ ബലി നടത്തുന്നതിനെ കുറിച്ച് വിവരിക്കുന്നുണ്ട് (ലേവ്യ. 14,5). ശുദ്ധീകരണ ബലിക്കായി കൊണ്ടുവരുന്ന രണ്ടു പക്ഷികളിൽ ഒന്നിനെ കൊന്ന് അതിന്റെ രക്തം ഒരു പാത്രത്തിൽ കലക്കി രണ്ടാമത്തെ പക്ഷിയെ ആ രക്തത്തിൽ മുക്കി പറത്തി വിടുന്നു, ശുദ്ധീകരിക്കപ്പെട്ട ആത്മാവിനെയാണ് സ്വതന്ത്രമാകുന്ന പക്ഷി സൂചിപ്പിക്കുന്നത്. ഈശോയും ബറാബാസും പീലാത്തോസിന്റെ മുൻപിൽ

നിൽക്കുമ്പോൾ നാം ഓർക്കേണ്ടത് ഈ ബലിയാണ്. ബറാബസ് എന്ന വാക്കിനർത്ഥം മനുഷ്യന്റെ മകൻ എന്നാണ്. നിഷ്കളങ്കനായ യേശുവിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിൻ കുഞ്ഞാടിന്റെ രക്തത്താൽ സ്വതന്ത്രമാക്ക




പ്പെടുന്ന മനുഷ്യകുലം. കുരിശിലെ ബലിയിലൂടെ ഈശോ തന്റെ ദൗത്യം പൂർത്തിയാക്കി മനുഷ്യകുലത്തെ എന്നേക്കുമായി രക്ഷിച്ചു. ലോകത്തിന്റെ മുഴുവൻ പാപത്തിന് പരിഹാര ബലിയർപ്പിക്കപെട്ടതിലൂടെ നമുക്ക് ധൈര്യത്തോടെയും പ്രത്യാശയോടെയും ദൈവത്തെ സമീപിക്കാനാകും. തന്റെ ബലി പൂർത്തിയാക്കി ഈശോ പോയത് സ്വർഗ്ഗത്തിലേക്കാണ്. പിതാവിന്റെ മുന്നിൽ ബലിയായ യേശുവാണ് ദൈവ സന്നിധിയിൽ നമ്മുടെ പ്രത്യാശ.

**യേശുവിലൂടെ ലഭിക്കുന്ന പ്രത്യാശ**

സഹനങ്ങൾക്കും എളിമപ്പെടുത്തലുകൾക്കും നമ്മുടെ ആത്മീയ ജീവിതത്തിൽ വളരെയധികം പ്രാധാന്യമുണ്ട്. ദൈവത്തിന്റെ മുൻപിൽ അതിന് വലിയ വിലയുമുണ്ട്. ഇത് ഈശോ തന്റെ ജീവിതത്തിലൂടെ നമുക്ക് മനസ്സിലാക്കി തരുന്നുണ്ട്. ഓരോ ഈസ്റ്റർ കാലത്തിലേക്ക് നമ്മൾ പ്രവേശിക്കുന്നത് നോമ്പിലൂടെയാണ്. നോമ്പ് പരിഹാരത്തിന്റെയും പരിത്യാഗത്തിന്റെയും ആത്മപരിശോധനയുടെയും അവസരമാണ്. നോമ്പുകാലത്തോടെ കഴിയുന്നതല്ല ഈ പരിത്യാഗ ജീവിതം, അത് ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളെ നമ്മുടെ ജീവിതത്തിൽ അനുകരിച്ച് തുടരേണ്ടതാണ്.

യേശുവിന്റെ ജനനസമയത്ത് രാജാവിനെ അന്വേഷിച്ച് ജെറുസലേമിലെത്തുന്ന ജ്ഞാനികളെ നാം മത്തായിയുടെ സുവിശേഷത്തിൽ കാണുന്നുണ്ട് (മത്താ 2,1). അവർ ഹെറോദേസിനോട് ചോദിക്കുന്നുണ്ട് 'എവിടെയാണ് രാജാവായി ജനിച്ചവൻ?' ഹെറോദേസിന് അറിയില്ലെങ്കിലും കൊട്ടാരത്തിലെ പണ്ഡിതർക്ക് അവന്റെ ജനനസ്ഥലത്തെക്കുറിച്ച് അറിയാമായിരുന്നു, അവർ പറഞ്ഞു യുദയായിലെ ബേത്‌ലെഹെമിൽ. പക്ഷേ അവരാരും ജ്ഞാനികൾക്കൊപ്പം രക്ഷതേടി ഇറങ്ങിയില്ല. ലോകത്തിന്റെ കണ്ണുകളിലൂടെയും നിബന്ധനകളിലൂടെയും ഉള്ള ഒരു രാജാവിനെയായിരുന്നു അവർക്കാവശ്യം. രാജ സുരക്ഷിതത്വം വിട്ട് രക്ഷകനെ തേടി എളിമയോടെ ഇറങ്ങാൻ അവർക്ക് കഴിയാതെ പോയത് അതുകൊണ്ടായിരുന്നു. അവന്റെ രക്ഷാകര പദ്ധതിയും ലോകത്തിന്റെ കണ്ണുകൾകൊണ്ട് മനസിലാക്കാൻ കഴിയുന്നതായിരുന്നില്ല. യുദ്ധം ചെയ്തല്ല മറിച്ച് സ്വന്തം ജീവൻ ബലിയർപ്പിച്ച്. അവന്റെ സഹനങ്ങളെ കുറിച്ച് ഏശയ്യ മുൻകൂട്ടി പ്രവചിക്കുന്നുണ്ട് (ഏശയ്യ 53). അവൻ നിന്ദിക്കപെട്ടവനും ഉപേക്ഷിക്കപ്പെട്ടവനുമായിരുന്നു.. വേദനയും ദു:ഖവും നിറഞ്ഞവനായിരുന്നു, പ്രഹരിക്കപ്പെട്ടവനായിരുന്നു, അവനെ കണ്ടവർ മുഖം തിരിച്ചു കളഞ്ഞു. ഈശോ തന്റെ പീഡാനുഭവങ്ങളെക്കുറിച്ച് ശിഷ്യന്മാർക്ക് പലപ്രാവശ്യം മുന്നറിയിപ്പ് നൽകിയിട്ടും അത്

കണ്ടവരും കേട്ടറിഞ്ഞവരും അതു മനസ്സിലാക്കാൻ കഴിയാതെ പ്രത്യാശ നഷ്ടപ്പെട്ടവരായി മാറുകയാണുണ്ടായത്. കല്ലറയിങ്കൽ പോയി നോക്കുന്ന മറിയവും (മത്താ 28,1), എമ്മാവൂ



സിലേക്ക് പോയ ശിഷ്യന്മാരും (ലൂക്ക 24,13), മീൻ പിടിക്കാൻ പോയ പത്രോസും (യോഹ 21,3) എല്ലാം ഇതിനുദാഹരണമാണ്. നമ്മുടെ ജീവിത സഹനങ്ങളെ ഹൃദയപൂർവ്വം സ്വീകരിക്കുമ്പോഴാണ് നാം കുരിശു എടുത്തു യേശുവിനെ അനുഗമിക്കുന്നവരാകുന്നത്. യേശുവിനെപ്പോലെ സഹനങ്ങൾ സ്വീകരിച്ച് മുന്നേറുന്നവർക്കാണ് ഉയർപ്പിന്റെ മഹത്വത്തിൽ പ്രവേശിക്കാൻ കഴിയുന്നത്. നോമ്പിന്റെയും വിശുദ്ധ വാരത്തിന്റെയും ചൈതന്യം എന്ന് പറയുന്നത് ജീവിതത്തിലെ സഹനങ്ങളിലും വേദനകളിലും യേശുവിനെ കണ്ടെത്താലാണ്, എന്റെ അനുദിന സഹനങ്ങൾ രക്ഷാകരമാക്കലാണ്. ഒരു കുടുംബനാഥൻ കുടുംബത്തിനുവേണ്ടി തന്റെ അധ്വാനങ്ങൾ കാഴ്ചവയ്ക്കുമ്പോഴും, കുടുംബനാഥ എല്ലാവരെയും ശുശ്രൂഷിക്കുമ്പോഴും, മക്കൾ മാതാപിതാക്കളെ അനുസരിക്കുമ്പോഴും, ചില ആവശ്യങ്ങൾ വേണ്ട എന്ന് വയ്ക്കുമ്പോഴും, വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കുമ്പോഴും, അവരെ ശുശ്രൂഷിയ്ക്കുമ്പോഴും, അയൽവാസികളെ സഹായിക്കുമ്പോഴും, ജോലി കഴിഞ്ഞ് ഒന്നിച്ചിരുന്ന് പ്രവർത്തിക്കുമ്പോഴും, സമയമുണ്ടാക്കി രാവിലെ പള്ളിയിൽ പോകുമ്പോഴും എല്ലാം ജീവിതത്തിൽ മുറിപ്പെടുന്നുണ്ട്, എളിമപ്പെടുന്നുണ്ട്, വേദനിക്കുന്നുണ്ട്. ഇവിടെയാണ് ക്രിസ്തുവിന്റെ മുറിവുകൾ സ്വന്തം ശരീരത്തിൽ വഹിക്കുന്നവരായി നാം മാറു ന്നത്. ഓരോ മുറിവും സഹനവും രക്ഷാകരവുമായി മാറുന്നത്.

ഈസ്റ്റർ നമുക്ക് പ്രത്യാശനൽകണമെങ്കിൽ നാം യേശുവിനെ അനുകരിക്കുന്നവരാകണം. യേശു നമുക്ക് നൽകുന്ന സന്ദേശം ഇതാണ് അവനോടുകൂടെ മഹത്വപ്പെടണ മെങ്കിൽ അവനോടുകൂടെ പീഢയനുഭവിക്കണം. ഈസ്റ്റർ മഹത്വപ്പെടാനുള്ള ഒരു വിളിയാണ്, ഒപ്പം പീഢയനുഭവിക്കാനും. ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങൾ ധ്യാനിക്കുമ്പോഴാണ് ഇതിന്റെ അർത്ഥം നമുക്ക് മനസ്സിലാകുന്നതും ഇതിനുള്ള ശക്തി ലഭിക്കുന്നതും. ഈസ്റ്റർ ഏവർക്കും യേശുവിനെ കൂടുതൽ അടുത്തനുകരിക്കാനുള്ള അവസരം ആകട്ടെ എന്ന് ആശംസിക്കുന്നു. ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കട്ടെ. ■

"എന്തുകൊണ്ട് കുരിശുകളും സഹനങ്ങളും തരുന്നതെന്ന് ചിന്തിക്കാതെ എന്തിനുവേണ്ടിയാണ് അവ എന്ന് ചോദിക്കുക"





# പെസഹാ വ്യാഴം



**ഡോ. വിൻസെന്റ് ചെറുവത്തൂർ**
ചാൻസലർ, സീറോ മലബാർ സഭ

താലത്തിലെ വെള്ളത്തിന്റേയും, അരയിൽ ചുറ്റിയ ഒരു മുറി വെള്ളക്കച്ചയുടേയും ഓർമ്മകളുണർത്തി ഒരു പെസഹാതിരുന്നാൾ കൂടി! ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല (മത്തായി. 10:24) എന്ന് വിളിച്ചു പറഞ്ഞവൻ തന്നെ ശിഷ്യരേക്കാൾ ചെറിയവനും വിനീതനുമായി അവരുടെ പൊടിപുരണ്ട പാദങ്ങൾ കഴുകിത്തുടച്ച് ചുംബിച്ച പരിശുദ്ധ രാത്രിയുടെ അനുസ്മരണം! പാവനൻ പാപിയെ ആലിംഗനം ചെയ്ത അനുഗ്രഹീത നിമിഷം! ഗുരു ചരണങ്ങളെ കഴുകിപ്പൂജിക്കേണ്ട ശിഷ്യരുടെ പാദങ്ങൾ ഗുരുവരൻ ക്ഷാളനം ചെയ്തു ചുംബിച്ച അവിസ്മരണിയ രംഗം! സ്നേഹത്തിന്റേയും സേവനത്തിന്റേയും സഹനത്തിന്റേയുമൊക്കെ പുതിയ പാഠങ്ങൾ തങ്ങളെ ചൊല്ലി പഠിപ്പിച്ച ഗുരുമുഖം തങ്ങളുടെ പാദങ്ങൾ ചുംബിക്കുവാൻ താണുചെന്നപ്പോൾ അവർ സ്തബ്ധരായി! പുൽക്കൂട്ടിൽ തുടങ്ങിയതാണ് ദാസനാകാനുള്ള അവന്റെ വല്ലാത്ത അഭിനിവേശം!

സ്വർഗ്ഗത്തിലേക്ക് പോകുംമുമ്പ് രക്ഷകൻ എന്തൊക്കെയാണ് നമുക്ക് സമ്മാനിച്ചത്? പ്രധാനമായും ആറു കാര്യങ്ങൾ. അവന്റെ വചനം, അവന്റെ ശരീരം, അവന്റെ മാതാവ്, അവന്റെ സഭ, അവന്റെ പൗരോഹിത്യം, അവന്റെ സമാധാനം. ക്രിസ്തുമസ്സ് രാത്രിയിൽ വചനം ജന്മമെടുത്തെങ്കിൽ ഉയിർപ്പിൽ സമാധാനം നൽകപ്പെട്ടു. പെസഹായിൽ അവിടുത്തെ ശരീരവും പൗരോഹിത്യവും നൽകിയപ്പോൾ ദുഃഖവെള്ളിയിൽ അവന്റെ മാതാവിനെ തന്നു. പന്തക്കുസ്തായിൽ അവന്റെ സഭയും രൂപംകൊണ്ടു. വേർതിരിക്കാനാവാത്തവിധം ബന്ധപ്പെട്ടുനിൽക്കുന്നു ഇവയെല്ലാം. വചനം ജന്മമെടുക്കാൻ മാതാവ് വേണം, ശരീരം ബലി ചെയ്യാൻ പുരോഹിതനും. സമാധാനം സ്ഥാപിക്കാൻ അവന്റെ സഭയും വേണം.

ക്രിസ്തുവിന്റെ ശരീരവും അവന്റെ പൗരോഹിത്യവും നൽകപ്പെട്ട ദിനമാണ് പെസഹാ– കടന്നു പോകലിന്റെ ദിനം. രക്ഷകൻ മാനവനൊരുക്കിയ അന്ത്യവിരുന്നാണിത്. പിതാവിന്റെ മാനവകുലത്തോടുള്ള സ്നേഹം പുത്രനിലൂടെ വെളിവായി. ആകാശത്തേക്കാൾ വിശാലവും ആഴിയേക്കാൾ ആഴമേറിയതുമാണീ ഇഷ്ടം. കുരിശുമരണത്തോളം നീണ്ട ഇഷ്ടപ്പെടലാണ് പുത്രന്റേത്. ശരീരവും രക്തവും രണ്ടായി മാറുന്ന കുരിശിലാണ് ആ ഇഷ്ടത്തിന്റെ ബലി പൂർത്തിയാകുന്നത്. ഇത്രമാത്രം നഷ്ടങ്ങൾ സഹിക്കാൻ ആർക്ക് കഴിയും? ഇത്രമാത്രം നമ്മെ ഇഷ്ടപ്പെട്ട ഒരാളുമില്ല. ഒരിക്കലും മറക്കാനാകാത്ത ഓർമ്മയായി ഈ ബലി മനുഷ്യഹൃദയങ്ങളിൽ സ്ഥാനം പിടിക്കാനുള്ള കാരണവും മറ്റൊന്നല്ല. അവനേക്കാൾ അധികം സ്നേഹിക്കാനും അതിലേറെ പങ്കിടാനും മറ്റൊരാൾക്കുമാവില്ല.

മനുഷ്യനോടുള്ള അതിരറ്റ സ്നേഹം നിമിത്തം അവിടുന്ന് സ്നേഹിച്ചതെന്തോ അതായിതീർന്നു. സ്നേഹം എന്തും സഹിക്കുന്നു; അതൊരിക്കലും അവസാനിക്കുന്നില്ല (1കോറി.13). അവസാനിക്കാത്ത സ്നേഹം മൂർത്തമായ രൂപത്തിൽ നമ്മുടെ കൈകളിലെ

ത്തുന്നതാണ് ജീവന്റെ അപ്പം. പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ കാൾറാനർ പറയും: "പരിശുദ്ധ കുർബ്ബാനയിൽ തന്റെ ശരീരവും രക്തവും സ്വീകരിക്കാൻ അനുവദിക്കുന്നതിനേക്കാൾ ആഴമായി നമ്മുടെ ജീവിതത്തിലേയ്ക്ക് കടന്നുവരുവാൻ അവിടുത്തേക്ക് കഴിയുമായിരുന്നില്ല." അപ്പത്തിന്റെ ഭവനമെന്നർത്ഥമുള്ള ബെത്‌ലഹേമിൽ പിറന്നവൻ അപ്പമായി കൈകളിലെത്തുന്നു. പുൽത്തൊട്ടിയെ ബലിത്തറയോടാണ് സഭാപിതാക്കന്മാർ ഉപമിച്ചിരിക്കുന്നത്. അവിടെ കിടക്കുന്നത് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന സത്യമായ അപ്പം ഞാനാണെന്ന് പറഞ്ഞവനാണ്. നമ്മുടെ ആത്മീയ ആഹാരമാണ് ആ അപ്പം. അത് ഭക്ഷിച്ച് നാം ശക്തിയും ബലവും വീണ്ടെടുക്കണം. ദൈവത്തിന്റെ തീൻമേശയ്ക്കരുകിലാണ് ഓരോ പെസഹാ ബലിയിലും വിശ്വാസികൾ ഒന്നുചേരുന്നത്. ദൈവത്തെ ഭക്ഷിച്ച് ദൈവസ്വഭാവത്തിലും ദൈവപ്രകൃതിയിലും വളരേണ്ടവർ. ആ തീൻമേശയിൽ നിന്നും വാങ്ങി ഭക്ഷിക്കുന്നവന്റെ നിലപാടും പ്രധാനപ്പെട്ടതാണ്. ഒന്നുകിൽ ആ സ്നേഹത്തെ ഭക്ഷിച്ച് കൂടുതൽ സ്നേഹത്തിൽ യോഹന്നാനിലേക്ക് വളരാം. അല്ലെങ്കിൽ ആ സ്നേഹത്തെ ഭോഗിച്ച് ഒറ്റുകാരന്റെ യൂദാസിലേക്ക് വീഴാം. വിഷലിപ്തമായ മനസ്സിൽ ആ ഭക്ഷണം മധുരമല്ല, കയ്പാണ് നൽകുന്നത്.

പൗരോഹിത്യത്തിന്റെ സ്ഥാപകദിനം കൂടിയാണ് പുതിയനിയമത്തിലെ പെസഹാ- ഭൂമിയിലെ കൃപാവരത്തിന്റെ ബലിപീഠമായ അൾത്താരകളിൽ ശുശ്രൂഷ ചെയ്യേണ്ട പൗരോഹിത്യം. പുരോഹിതൻ ബലിപീഠത്തിൽ നിന്നും അകലുമ്പോൾ, ജനം ദൈവത്തിൽ നിന്നും നങ്കുരമുറപ്പിക്കേണ്ട ബലിപീഠത്തിൽ നിന്നും ബന്ധം വിച്ഛേദിക്കുമ്പോൾ അഭിഷിക്തൻ വെറും അഭ്യാസിയായിമാറുന്നു. പുരോഹിതർക്കായി ഏറെ പ്രാർത്ഥിക്കേണ്ട ദിനമാണ് പെസഹാ. പുരോഹിതൻ പവിത്രമായ ബലിവസ്തുവാകുന്നില്ലെങ്കിൽ അത്തിമരത്തിൽ തൂങ്ങുന്നതിന്റെ ദുരന്തത്തിലേക്ക് വഴിമാറും. വിശുദ്ധബലിവസ്തുവാകുന്നെങ്കിലോ അത്തിമരത്തിൽ തലക്കീഴായ് തറയ്ക്കപ്പെട്ടവന്റെ ഭാഗ്യമുണ്ടാകുന്നു. പുരോഹിതന്റെ ആന്തരിക ശുദ്ധി സഭയുടെ ബാഹ്യമഹത്വത്തിന് വഴിയൊരുക്കും. വിശുദ്ധിക്കും അശുദ്ധിക്കും ആദർശത്തിനും പ്രായോഗികതയ്ക്കും ഇടയിലുള്ള ഒരു പുരോഹിതന്റെ പ്രലോഭന സാധ്യതകളെ പ്രാർത്ഥനയുടെ വെട്ടത്തിൽ ക്രിസ്തുവിന്റെ നിലപാടിന്റെ നേർവഴിയിലെത്തിക്കും.

അതേസമയം തന്നെ, ഇടയനെയടിച്ചാൽ ആടുകൾ ചിതറുമെന്നറിയാവുന്ന നാരകീയ ശക്തികൾ പൗരോഹിത്യത്തെ തകർക്കാനും ആ വിശുദ്ധ ബിംബത്തിന് കളങ്കം ചാർത്താനും പടയോട്ടം നടത്തുന്ന ഇക്കാലത്ത് അജഗണം ഇടയനെ ചേർത്തുപിടിക്കണം. മറ്റുള്ളവരെ വിശുദ്ധികരിക്കാനുള്ള വിളിയാണ് വിശ്വാസിയായ നിനക്കുള്ളത്. അതിന്റെ ആദ്യതലം അവരുടെ പാദങ്ങൾ കഴുകുക എന്നത് തന്നെ. അന്യരുടെ പാദങ്ങൾ കഴുകുക എന്നാൽ അവരെ വിശുദ്ധീകരിക്കുക എന്നർത്ഥം. അവർക്ക് നീയായിട്ട് അശുദ്ധിയ്ക്ക് കാരണമാകാതിരിക്കുക. നിന്റെ ചിന്തകളും മൊഴികളും കർമ്മങ്ങളും അവർക്ക് പാപഹേതുക്കളാകാതിരിക്കുക. അവരുടെ ആത്മീയ ജീവിതത്തിന് കളങ്കമേല്പ്പിക്കാതിരിക്കുക. ഒപ്പം, മറ്റുള്ളവരുടെ പാദങ്ങൾ നീ കഴുകുമ്പോൾ അവരെ നിന്നേക്കാൾ കൂടുതൽ ശ്രേഷ്ഠരായി നീ കണക്കാക്കുന്നു എന്ന മാനം കൂടിയുണ്ട്. വലിയൊരു വെല്ലുവിളിയാണിത്. കാരണം, പലപ്പോഴും മറ്റുള്ളവരേക്കാൾ എല്ലാംകൊണ്ടും 'മിടുക്കും മാന്യതയും നിനക്കുണ്ട്' എന്ന് നീ കരുതാറില്ലേ? അതിനാൽ തന്നെ ആരുടേയും മുമ്പിൽ മുട്ടുമടക്കുവാനോ, തലകുനിക്കുവാനോ നീ തയ്യാറല്ല. എന്നാൽ മറ്റൊരാളുടെ കാലുകൾ






കഴുകണമെങ്കിൽ നീ നന്നായി കുനിഞ്ഞേ മതിയാവൂ. അതിന് വിനയം എന്ന വലിയ പുണ്യം തരിയെങ്കിലും നിന്നിലുണ്ടാവണം. വിനയത്തെ ബലഹീനതയെന്നും ഭീരുത്വ ത്തിന്റെ പര്യായമെന്നും കണക്കാക്കുന്ന ലോകമാണ് നിന്റേത്. കുനിഞ്ഞ് നിൽക്കുന്ന വന്റെ മുതുകിൽ ചവിട്ടിക്കയറുവാൻ കൂടപ്പിറ പ്പുകൾപോലും തക്കം നോക്കി നിൽക്കുന്ന സമൂഹത്തിന്റെ ഭാഗമാണ് നീയും. ദൈവമായി രുന്നവൻ കേവലം കൃമിതുല്യരായ ശിഷ്യരുടെ മുമ്പിൽ ദാസനെപ്പോലെ ശിരസ്സു കുനിച്ചു.

'തുടയ്ക്കുക' എന്നത് രണ്ടാമത്തെ തല മാണ്. ശിഷ്യരുടെ കാലുകൾ കഴുകിയതു കൊണ്ടു മാത്രം കർത്താവ് തൃപ്തനാകുന്നില്ല. തുടയ്ക്കുകകൂടി ചെയ്യുന്നു. അതിന് കുറെ കൂടി കരുതലും വാത്സല്യവും വേണം. അവരുടെ പാദങ്ങളിൽ നിന്നും ഒപ്പിയെടുത്തത് വെറും വെള്ളം മാത്രമായിരുന്നില്ല. പിന്നെയോ, തന്റെ അസാന്നിദ്ധ്യത്തിൽ അവരോരുത്തരും അനുഭവിക്കാനിരിക്കുന്ന ആശങ്കകളും അരക്ഷി താവസ്ഥയും. ആന്തരികവ്യഥകളും പ്രേഷിത പ്രവർത്തനത്തിന്റെ പാതയിൽ നേരിടേണ്ടി യിരിക്കുന്ന പീഢനങ്ങളും പ്രഹരങ്ങളുമൊക്കെ ആയിരുന്നു. ഒപ്പിയെടുക്കുക എന്നത് പരിചരി ക്കുന്നതിന് സമമാണ്. നിന്റെ സഹജരുടെ കദനങ്ങളും കണ്ണുനീരുമൊക്കെ ഒരു പരിധിവരെ ഒപ്പിയെടുക്കാൻ ക്രിസ്ത്യാനിയായ നിനക്ക് കടമയുണ്ട്. പലപ്പോഴും അവയൊക്കെ കണ്ടില്ല, കേട്ടില്ല എന്ന് നടിച്ച് വഴി മാറിപോകുന്നവരാണ് നാമൊക്കെ. കേവലമൊരു കൈത്തൂവാല കൊണ്ടല്ല. പിന്നെയോ നിന്റെ അവസരോ ചിതമായ സാന്നിധ്യവും, സാന്ത്വനവചസ്സുകളും, സൽകർമ്മങ്ങളും, മനുഷ്യത്വമാനോഭാവങ്ങളു മൊക്കെയാകുന്ന അരക്കച്ചകൊണ്ടു തന്നെയാ വണം. നിന്റെ വാക്കുകൾ വാൾമുനകളാകരുത്. മറിച്ച്, മാർദ്ദവമുള്ള വെൺകച്ചയാകണം. നിന്റെ സാമീപ്യം അസ്വസ്ഥതയ്ക്ക് പകരം സൗഖ്യ ത്തിന്റെ അനുഭവം സമ്മാനിക്കുന്നതായിരി ക്കണം.

നിന്റെ അരക്കച്ച എപ്പോഴും നനഞ്ഞുകുതി ർന്ന് ഇരിക്കണം. നീ എപ്പോഴും മറ്റുള്ളവരുടെ പാദം കഴുകി തുടക്കുന്നതിന്റെ അടയാളമാണത്. കൂടെയുള്ളവരെക്കുറിച്ച് നീ ശ്രദ്ധാലുവും അവരുടെ വേദനകളിൽ പങ്കുകാരനുമാണ് എന്നുള്ളതിനുള്ള തെളിവാണത്. കുതിരാത്ത കച്ച നിന്റെ അനാസ്ഥയുടേയും സ്വാർത്ഥ തയുടേയും അടയാളമാണ്. അയൽക്കാരുടെ ആകുലതകൾ ഉൾക്കൊള്ളുവാനുള്ള നിന്റെ വിമുഖതയേയും സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുവാൻ നിനക്കുള്ള ഉൽസുകതയെ യുമാണ് അത് സൂചിപ്പിക്കുന്നത്.

'ചുംബിക്കുക' എന്നത് മൂന്നാമത്തെ തലമാണ്. ശിഷ്യരുടെ പാദങ്ങൾ കഴുകിയതു കൊണ്ടും, തുടച്ചതുകൊണ്ടും മാത്രം ഗുരുവിന് മതിവരുന്നില്ല. ശരീരത്തിലെ എപ്പോഴും ഏറ്റവും കൂടുതൽ അഴുക്കും പൊടിയും പിടിയ്ക്കുന്ന ഭാഗമാണ് പാദം. നിന്റെ ശരീരത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കാത്ത ഭാഗമാണ് പാദം. അവിടമാണ് ഗുരു തന്റെ തിരുമുഖം ചായിച്ച് ചുംബിക്കുന്നത്. നിന്റെ ശ്രദ്ധയിൽപ്പെടാ ത്തവരുടേയും പാപമാലിന്യങ്ങളിൽ ഉൾപ്പെട്ട വരേയും കഴുകി തുടച്ച് ചുംബിക്കുവാനുള്ള നിന്റെ കടമയെക്കുറിച്ചുള്ള ഓർമ്മപ്പെടു ത്താലാണ് ഇത് സൂചിപ്പിക്കുന്നത്. നിനക്ക് നൽകപ്പെട്ടിരിക്കുന്ന അധികാരവും ആസ്ഥിയും ആഢംബരങ്ങളുമൊക്കെ നിനക്ക് മാത്രമു ള്ളതല്ല. മറിച്ച് മറ്റുള്ളവരെ ആശ്വസിപ്പിക്കാനും കൂടിയുള്ളതാണ്. അരപ്പാത്രം വെള്ളവും അരയിൽ കെട്ടാനുള്ള ഒരു കച്ചക്കഷണവും നിന്റെ വ്യക്തി ജീവിതത്തിലും സമൂഹ ജീവിതത്തിലും കുടുംബജീവിതത്തിലും എന്നാളും നീ സൂക്ഷിച്ചുവെയ്ക്കണം. അങ്ങനെ നിരന്തരം പെസഹാ നിന്റെ ജീവിതത്തിന്റെ ഭാഗമായിതീരട്ടെ!. ■

# ഉത്ഥാന അനുതാപകാലം




ഡോ. ഹെർബർട്ട് കിംഗ് ISch

ആഗോളസഭ ഓരോ വർഷവും ആറാഴ്ച ക്കാലത്തെ കൂടുതൽ ആത്മീയവും ആദ്ധ്യാത്മി കവുമായ ഉണർവ്വിന്റെ സമയമായി രൂപീകരിക്കു വാൻ നമ്മെ ക്ഷണിക്കുന്നു. അങ്ങനെയുള്ള ഒരു വാർഷികധ്യാനം നമ്മുടെ അനുദിന ജീവിത ത്തിൽ, സ്വഭവനത്തിൽ അല്ലെങ്കിൽ ഇടവകാം ഗങ്ങളോടൊത്ത്, സന്യാസസഭാംഗങ്ങളോ ടൊത്ത് അതുമല്ലെങ്കിൽ അക്രൈസ്തവരു മായോ മറ്റു സഹവാസികളുമായോ – അതുപോ ലെതന്നെ അല്ലെങ്കിൽ എല്ലാറ്റിലും ഉപരിയായി, കുടുംബത്തിൽ ഉപകാരപ്രദമാണ്. നോമ്പു കാലം എന്ന് മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്ന ഉത്ഥാന അനുതാപകാലം വളരെയധികം ശ്രദ്ധി ക്കപ്പെടുന്നു എന്നുള്ളത് വളരെ അത്ഭുതാവഹ മാണ്. വസ്തുക്കളോടും മനുഷ്യരോടും മൂല്യ ങ്ങളോടുമുള്ള നമ്മുടെ ബന്ധത്തെ പരിശോധി ക്കുകയും ആവശ്യമെങ്കിൽ തിരുത്തലുകൾ വരു ത്തുകയും അല്ലെങ്കിൽ അവയെപ്പറ്റി നമ്മൾ ചിന്തിക്കുന്ന രീതിയിലും പ്രവർത്തിയിലും തിരു ത്തലുകൾ നടത്തേണ്ടത് അത്യാവശ്യമാണ്. അതിന് സഹായിക്കുന്ന കെന്റണിക് അച്ചന്റെ 1963–ലെ ഒരു രചന ഞാൻ ഇവിടെ ഒരുക്കുന്നു. തിരുപ്പട്ടത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ചെറുപ്പക്കാർക്ക് വേണ്ടിയുള്ള ഒരു പ്രഭാഷണ ത്തിൽ നിന്നും എടുത്തിട്ടുള്ളതാണിത്. എങ്കിലും ഈ ഭാഗത്തിന് പൊതുവായ അർത്ഥമാണുള്ള ത്. ലൗകികബന്ധങ്ങളെ ശരിയായി കൈകാര്യം ചെയ്യുന്ന ഒരു ആദ്ധ്യാത്മിക ഗുരു ആയിട്ടാണ് കെന്റണിക് അച്ചൻ അറിയപ്പെടുന്നത്. നാല് പദ പ്രയോഗങ്ങളാണ് അദ്ദേഹത്തിന്റെ ഈ പഠ നത്തെ സവിശേഷമാക്കുന്നത് (Ref: Durchblick in Texten, Band 6, 108-114)

വസ്തുക്കളെ ശരിയായി കാണുക
വസ്തുക്കളെ ശരിയായി ആസ്വദിക്കുക
വസ്തുക്കളെ ശരിയായി വർജ്ജിക്കുക
വസ്തുക്കളെ ശരിയായി നിയന്ത്രിക്കുക

നാളത്തെ സന്യാസത്തിന്റേയും സഹകരണങ്ങ ളുടെ (Second cause) അദ്ധ്യാപന ശാസ്ത്രവു മായി മാറുന്ന ഏതാനും തത്വങ്ങളെ ഇന്നത്തെ ദൈവശാസ്ത്രാടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ഇനിപ്പറയുന്നവ പ്രാധാന്യമർഹി ക്കുന്നു. ജീവിതത്തിലെ പ്രായോഗികകാര്യങ്ങളെ യാണ് ഞാൻ എടുത്തു കാണിക്കുന്നത്. എന്താണ് നമ്മൾ പഠിക്കേണ്ടത്? അനുദിന വിശുദ്ധിയുടെ അടിസ്ഥാനത്തിൽ സംസാരിക്കു മ്പോൾ: വസ്തുക്കളോടുള്ള പ്രവചനപരമായ ബന്ധത്തെപ്പറ്റി ശരിയായ ഉത്തരം കൊടുക്കുക യാണ് നമ്മൾ ചെയ്യേണ്ടത്. ശരിയായ ഉത്തരം എന്നാൽ, അവയെല്ലാം ദൈവത്തിന്റെ ചെറിയ പ്രവാചകന്മാർ ആണെന്നാണ്. എന്തെല്ലാമുണ്ടോ അതെല്ലാം ദൈവത്തിന്റെ ചെറിയ പ്രവാചകന്മാ രാണ്. ലളിതമായ ഈ ചിന്തകളെ വേർതിരിച്ച് പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കണമെ ങ്കിൽ, ഒന്നാമതായി എനിക്ക് പറയാനുള്ളത്, നമ്മൾ വസ്തുക്കളെ ശരിയായി കാണുവാൻ പഠിക്കണമെന്നാണ്. എല്ലാ സൃഷ്ടവസ്തുക്കളേ യും, അത് പുരുഷനെപ്പറ്റിയായാലും സ്ത്രീയേ പ്പറ്റിയായാലും ഭക്ഷണപാനീയങ്ങളെപ്പറ്റിയാ യാലും കാലാവസ്ഥവ്യതിയാനങ്ങളെപ്പറ്റി ആയാൽപോലും. വസ്തുക്കൾ എന്നതുകൊണ്ട്



ഞാൻ ഉദ്ദേശിക്കുന്നത്, ദൈവമല്ലാത്തതും ഞാനുമല്ലാത്തതുമായ എല്ലാറ്റിനേയുമാണ്. അവയെല്ലാം "വസ്തു" എന്നവാക്ക് ഉൾക്കൊള്ളുന്നു. ശരിയായി കാണണമെന്നാൽ അതിനർത്ഥം, വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവയെല്ലാം ദൈവത്തിന്റെ പ്രവാചകന്മാരാണ്. അവ ആയിരിക്കുന്ന അവസ്ഥയിലൂടെ, ദൈവത്തിന്റെ ഗുണഗണങ്ങളെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും എന്നോട് അവയ്ക്ക് എന്തോ പറയുവാനുണ്ട്. അത് ഒരു സിംഹത്തെപ്പറ്റിയോ കടുവയെപ്പറ്റിയോ അല്ലെങ്കിൽ അതിലെ ഓടുന്ന ഒരു പട്ടിയെപ്പറ്റി ആണെങ്കിൽ പോലും വസ്തുക്കളെ നമ്മൾ അത്ര കൃത്യമായി കാണണം, അതായത് വിശ്വാസവെളിച്ചത്തിൽ കാണണം. രണ്ടാമത്തേത് ഇതാണ്. "ശരിയായി" എന്ന വാക്കിനാണ് പ്രാധാന്യം. ശരിയായി ആസ്വദിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? അതിന് ഒരു ഇരട്ട അർത്ഥമാണ് ഉള്ളത്. ഒന്നാമതായി, ദൈവബന്ധത്തോടുകൂടി – അവയുടെ ദൈവവുമായിട്ടുള്ള ബന്ധത്തോടുകൂടി – ആസ്വദിക്കുക. രണ്ടാമതായി അപകടകരമല്ലാതെ ആസ്വദിക്കുക. ആസ്വാദനങ്ങളിൽ ഒരു അപകടം പതിയിരിക്കുന്നുണ്ടെന്നുള്ളത് നമ്മൾ കാണാതെ പോകരുത്. ഈ എളിയ കാര്യത്തെ ഞാൻ ലളിതമായി വിശദീകരിക്കാം. ആധുനികമായി ചിന്തിക്കുന്നതുകൊണ്ട് പുരാതനകാലഘട്ടങ്ങളിലേയും മധ്യകാലഘട്ടങ്ങളിലേയും രഹസ്യപാഷാണ്ഡതകളെ തരണം ചെയ്തു എന്ന് ചിന്തിക്കുമ്പോൾ തന്നെ, ഞാൻ പുതിയ പാഷണ്ഡതകൾക്ക് വശപ്പെട്ടെന്ന് വരാം. മിതമായി ഉപയോഗിക്കുക, അതായത് ശരിയായി ആസ്വദിക്കുക.

വസ്തുക്കളെപ്പറ്റി ഞാൻ മുൻകാലങ്ങളിൽ പറയുമ്പോൾ വലിയ ത്രേസ്യായെപ്പറ്റിയുള്ള (അമ്മത്രേസ്യായെപ്പറ്റി) ഒരു ചെറിയ ഉദാഹരണം ഉപയോഗിക്കാറുണ്ട്. നിങ്ങൾക്ക് അത് ഒരു പക്ഷെ, സാധാരണമായിരിക്കാം, എങ്കിലും അതൊരല്പം കഠിനമായ ഉദാഹരണമാണ്. വലിയത്രേസ്യായെ പല അഭ്യുദയകാംക്ഷികളും ക്ഷണിക്കാറുണ്ടായിരുന്നു. അങ്ങനെയുള്ള ഉപകാരികളാണ് അക്കാലങ്ങളിൽ എല്ലാറ്റിനും പണമുടക്കാറുള്ളത്. ഒരിക്കൽ ഒരു ഉപകാരിയുടെ പക്കൽ വലിയത്രേസ്യയും കുമ്പസാരക്കാനും ക്ഷണിക്കപ്പെട്ടിരുന്നു. പുതിയ മഠങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ചാണ് അവർ സംസാരിച്ചുകൊണ്ടിരുന്നത്. അന്ന് ഒരു വെള്ളിയാഴ്ച ആയിരുന്നു. സമയം മൂന്നുമണി. അവർ നന്നായി പരിചരിക്കപ്പെട്ടുകൊണ്ടിരുന്ന സമയം. വി. ത്രേസ്യ വീഞ്ഞ് കുടിച്ചുകൊണ്ടിരുന്ന അവസരം. ശ്രദ്ധക്ഷണിച്ചുകൊണ്ട് കുമ്പസാരക്കാരൻ പതിയെ പറഞ്ഞു: "ഇത് മൂന്ന്മണി സമയമാണ്, ദയവായി മറക്കരുത്, രക്ഷകൻ മരിച്ച സമയം." വി. ത്രേസ്യ: "അതിനെപ്പറ്റി ഞാൻ ഇപ്പോൾ ചിന്തിക്കുന്നതേയില്ല. വീഞ്ഞിന്റെ ലഹരിശക്തിയേയും അത് എപ്രകാരം സ്നേഹത്തിന്റെ ലഹരി ശക്തിയിലേക്ക് കൈമാറ്റപ്പെടുന്നു എന്നുള്ളതിനെപ്പറിയാണ് ഞാൻ ചിന്തിക്കുന്നത്." ഇത് നർമ്മം കലർന്നതാണ്, സൈദ്ധാന്തികമായി ശരിയു

മാണ്. ഇതുപോലെയാണ് എന്റെ സന്യാസജീവിതം ഞാൻ രൂപപ്പെടുത്തുന്നതെങ്കിൽ ഇന്നത്തെ ധാരണയിലുള്ള അപകടമുണ്ടെങ്കിൽപോലും, അത് വളരെ വിലകുറഞ്ഞ ഒന്നായിരിക്കും.

മൂന്നാമത്തെ കാര്യം (ഭാഗം) അതിനോടൊപ്പം ചേർന്നില്ലെങ്കിൽ എനിക്കത് നീണ്ടകാലം തുടരുവാൻ സാധിക്കില്ല എന്നുള്ളത് പ്രായോഗികമായ ഒരു കാര്യമാണ്. താത്വികമായി ഒരിക്കൽ സാധിച്ചെന്നാൽപോലും: ശരിയായി വർജ്ജിക്കുക മനുഷ്യപ്രകൃതി അടിസ്ഥാനപരമായി അങ്ങനെതന്നെ നിലനിൽക്കുന്നു എന്നുള്ളത് നമ്മൾ ഒരിക്കലും കാണാതെപോകരുത്. അത് ഇന്നും അങ്ങനെതന്നെയാണ്. ശരിയായി വർജ്ജിക്കുക. ഞാൻ ശരിയായി വർജ്ജിക്കണം, എന്നാൽ വർജ്ജിക്കുന്നതിനു വേണ്ടിയല്ല. ശരിയായി വർജ്ജിക്കണം. ജീവിക്കുവാൻ വേണ്ടി മരിക്കണം. തീർച്ചയായും, ജീവിക്കുക എന്നുള്ളതാണ് പ്രഥമകാര്യം. സ്നേഹത്തിന്റെ ലഹരിശക്തിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു എന്ന് എപ്പോഴും പറയത്തക്കവിധം നമ്മൾ തുടരരുത്. എനിക്ക് കുടിക്കുവാൻ പറ്റുന്നതുമാത്രമെ ഞാൻ കുടിക്കാവൂ...

മറ്റൊരു ചെറിയ ഉദാഹരണം, ഇവയെല്ലാം ഇന്നത്തെ ചിന്തകൾക്ക് അനുയോജ്യമായ കാര്യങ്ങളാണ്. വലിയ ത്രേസ്യയുടെ കാലങ്ങളിൽ, പ്രധാനമായും ദൈവവുമായുള്ള ബന്ധത്തിന് (Mystic) വളരെ പ്രത്യേകതകൾ ഉണ്ടായിരുന്ന സ്പെയിനിൽ, സഭാതലങ്ങളിൽ നിരന്തരം പ്രകാശിക്കുകയും ഉണർവ്വേകുകയും ആത്മവീര്യം കൊടുക്കുകയും ചെയ്യുന്ന ഒരു ആദർശമുണ്ടായിരുന്നു – വിശുദ്ധർ, ജീവിക്കുന്ന വിശുദ്ധർ! വി. ത്രേസ്യായെ സംബന്ധിച്ചിടത്തോളം ഈ വിളി അവൾക്കുമുന്നേ നടന്നിരുന്നു: ഇതാ വരുന്നു, ജീവിക്കുന്ന ഒരു വിശുദ്ധ. അതിനാൽത്തന്നെ പലരും വിശുദ്ധയെ ഭക്ഷണത്തിന് ക്ഷണിക്കുമായിരുന്നു. ക്ഷണം സന്തോഷപൂർവ്വം സ്വീകരിച്ചിരുന്ന വിശുദ്ധ അവരോടൊപ്പമിരുന്ന് നന്നായി ഭക്ഷിക്കുന്നത് മറ്റുള്ളവർ സാകൂതം വീക്ഷിച്ചിരുന്നു. അതികുലീന സ്ത്രീകൾ പിറുപിറുത്തു: അവൾ ഒരു വിശുദ്ധയാണോ? അതുകേട്ട മാത്രയിൽ വിശുദ്ധ ഉത്തരം പറഞ്ഞു: അതെ, അതെ, ഒരു കോഴികുഞ്ഞാണെങ്കിൽ ഒരു കോഴികുഞ്ഞ്.

അതിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾക്ക് മനസ്സിലായില്ലേ? സംശയലേശമന്യെ നമുക്ക് ആസ്വദിക്കാം, സന്തോഷവും വസ്തുക്കളിന്മേലുള്ള സന്തോഷവും. എന്നാൽ ശരിയായി ആസ്വദിക്കണം എന്നു മാത്രം. അതായത്, അതിനെ സ്നേഹമുള്ള ദൈവവുമായി ബന്ധപ്പെടുത്തി ആസ്വദിക്കണം. എങ്ങനെയാണ് വിൻസെന്റ് പള്ളോട്ടി അപ്പങ്ങൾ ചെറിയ കഷണങ്ങളായി മുറിച്ചത് എന്ന് ഇതിനോടനുബന്ധിച്ച് ചിന്തിക്കുന്നത് നല്ലതാണ്. എന്തുകൊണ്ട്? ദൈവത്തിലേക്കുള്ള വഴികണ്ടെത്തുവാൻ. ശരിയായി സ്നേഹിക്കുവാനും ശരിയായി വർജ്ജിക്കുവാനും പഠിച്ചിട്ടില്ലെങ്കിൽ – ഞാൻ വീണ്ടും പറയുന്നു – ദൈവത്തിലേക്കുള്ള വഴി ഞാൻ കണ്ടെത്തുകയില്ല. അത് ഒരു വലിയ തടസ്സമായിരിക്കും, ആത്മവഞ്ചനയായിരിക്കും.



സൃഷ്ടവസ്തുക്കളെ ഉപയോഗിക്കുകയും അവയോടുള്ള ബന്ധം ശരിയായി കൈകാര്യം ചെയ്യുകയും ചെയ്ത- ഇത്തരുണത്തിലുള്ള ഭക്താഭ്യാസത്തിന്റെ പ്രവാചകനായ - വി. ഫ്രാൻസിസ് സാലസിന്റെ മറ്റൊരു ഉദാഹരണം കൂടി. അദ്ദേഹം വിശുദ്ധനായ ഒരു കുലീനനാണ്-എല്ലാറ്റിലും കുലീനത്വം. നമ്മളും ആർജ്ജിച്ചെടുക്കേണ്ടതായ ഒരു ആദർശം. നമ്മുടെ മരണകലയിൽ നമ്മൾ നൈപുണ്യം നേടാതെ അത് ഒരിക്കലും സാധ്യമല്ല. എന്നാൽ, ജീവിത കലയുടെ ഉപാധിയായ മരണകലയിൽ ജീവിതത്തിനാണ് പ്രാധാന്യം, മരണത്തിനല്ല. രക്ഷകന്റെ കാര്യത്തിലെന്നപോലെ.

നമ്മൾ മനസ്സിൽ ഉറപ്പിക്കേണ്ടത് ഇതാണ്, സുദൃഢമായ ഒരു പുരുഷസമൂഹം കെട്ടിപ്പടുക്കണമെങ്കിൽ ശിക്ഷണവും അച്ചടക്കവും ത്യാഗവും കൂടാതെ അത് സാധ്യമല്ല. ആധുനിക ഈശോസഭയിലെ എല്ലാവരേയും പരിശീലിപ്പിച്ച നോവീസ് മാസ്റ്റർ മെഷ്ലർ അച്ചൻ സാധാരണയായി പറയാറുള്ളത് ഞാൻ നിങ്ങളോട് മുൻപൊരിക്കൽ പറഞ്ഞിട്ടുണ്ട്. ഒരു കായികാഭ്യാസിയെപ്പോലെ നമ്മൾ ഇന്ദ്രിയങ്ങളെ നിഗ്രഹിക്കണം, അതായത്, മറ്റൊരു മാർഗ്ഗവുമില്ലാത്തതിനാൽ മൂളിയും ഞരങ്ങിയുമല്ല. അത് അതിൽത്തന്നെ ഒരു പ്രധാന ഭാഗമാണ്, അതോടൊപ്പം, ഈശോസഭ താപസവൃത്തിയുടെ പ്രധാനഭാഗവും: സ്വയം കീഴടങ്ങുക, സ്നേഹത്തിൽ നിന്ന് വ്യതിചലിക്കാതെ അത് ഒരു മുൻ ഉപാധിയാണ്. എന്നാൽ ഇവിടെ പ്രാധാന്യം സ്വയം കീഴടക്കലിനാണ്, തന്റെ സ്വന്തം നേതാവാകുക, ശിക്ഷണം നടത്തുക. തീർച്ചയായും ഇതിനെ രണ്ടു തരത്തിൽ കാണാം. ശാരീരിക ഇന്ദ്രിയ നിഗ്രഹണതലത്തിലും മാനസിക-ആത്മേന്ദ്രിയ നിഗ്രഹണതലത്തിലും. ഏതുവിധത്തിലായാലും നമ്മൾ അതിനെ കൺമുന്നിൽ കാണുകയും



നിറുത്തുകയും വേണം. അതായത്, ഒന്നാമതായി, വസ്തുക്കളെ ശരിയായി കാണുക. ഇപ്പോൾ, ആധുനിക ചിന്തകളുടെ വെളിച്ചത്തിൽ വിശ്വാസവെളിച്ചത്തിൽ, ദൈവീകമൂല്യബോധത്തോടെ ശരിയായി കാണുക.

രണ്ടാമതായി, ശരിയായി ആസ്വദിക്കുക. നമുക്ക് ആസ്വദിക്കാം; എന്നാൽ ശ്രദ്ധാപൂർവ്വമായ പരിഗണനയോടെ എന്നർത്ഥം. ഇന്ദ്രിയ നിഗ്രഹണത്തെക്കുറിച്ച് ആരെങ്കിലും ചിന്തിച്ചാൽ, അയാളെ ആശ്രമവാസി അല്ലെങ്കിൽ കിഴവി എന്നുകരുതി ഇന്ന് തള്ളിക്കളയും. ശരിയായി വർജ്ജിക്കുക. എന്താണ് ശരിയായി വർജ്ജിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? ഒരു വിധത്തിൽ പറഞ്ഞാൽ പ്രകൃതിക്ക് അതുമൂലം കേടുവരുന്ന രീതിയിൽ വർജ്ജിക്കരുത്. അത് ശരിയായ വർജ്ജിക്കൽ അല്ല തെറ്റായ വർജ്ജിക്കലാണ്.

തീർച്ചയായും നമ്മൾ എല്ലായ്പ്പോഴും അസഹ്യപ്പെടുന്നവരാകരുത്. ഞാൻ ആ ത്യാഗം കൂടി ഏറ്റെടുക്കുകയാണെങ്കിൽ, ഈ തണുപ്പു കൂടി സഹിക്കുകയാണെങ്കിൽ, അതും ഇതുമെല്ലാം വർജ്ജിക്കുകയാണെങ്കിൽ, എന്റെ പ്രകൃതിക്ക് ആവശ്യമുള്ളത് ലഭിക്കാതെവരും. എന്നാൽ ആഗ്രഹിക്കുന്നത് എല്ലാം ലഭിക്കുകയാണെങ്കിൽ, അത്യാഗ്രഹിയായി മാറും.

പ്രകൃതിക്ക് എല്ലാറ്റിനോടും താല്പര്യമുണ്ട്. അതായത്, എന്റെ അവസ്ഥ രോഗബാധിതമാകാൻ തക്കവിധം ഞാൻ ഇന്ദ്രിയനിഗ്രഹം നടത്തരുത്– അത് എന്റെ അഭിപ്രായത്തിൽ, യാദൃച്ഛികമായി സംഭവിക്കാം. ശരിയായി വർജ്ജിക്കുക എന്നാൽ, ദൈവവിധേയത്വത്തോടെ വർജ്ജിക്കുക (ഒഴിവാക്കുക) ദൈവത്തോടുള്ള സ്നേഹത്താൽ ശരിയായി വർജ്ജിക്കുക.. ദൈവം എനിക്ക് വലിയ ഒരു ജീവിത ദൗത്യം നൽകിയിട്ടുണ്ട് ഞാൻ വർജ്ജിക്കുന്നത് എന്റെ ഈ ജീവിതദൗത്യവുമായി സമന്വയിപ്പിക്കണം. നിഷേധാത്മകമായി പറയുകയാണെങ്കിൽ,



ഞാൻ എന്തെങ്കിലും വർജ്ജിക്കുന്നതിലൂടെ എന്റെ ജീവിത ദൗത്യത്തെ, നശിപ്പിക്കരുത്. അസന്നിഗ്ദമായി പറയുകയാണെങ്കിൽ അത് എന്റെ ജീവിതദൗത്യത്തെ ഏതെങ്കിലും വിധത്തിൽ സേവിക്കുന്നതായിരിക്കണം.

നിത്യേനയുള്ള പ്രായോഗികകാര്യങ്ങളെപ്പറ്റി ഇനി കൂടുതൽ പറയാതെ, ഇവിടെ നാലാമത്തെ കാര്യം ഉൾപ്പെടുത്തട്ടെ. വസ്തുക്കളെ ശരിയായി നിയന്ത്രിക്കുക. നിയന്ത്രിക്കുക എന്നാൽ എന്താണ് ? വസ്തുക്കളിൽ നിന്ന് സ്വാതന്ത്ര്യം നേടുക. അത് വിചിത്രമായി തോന്നാം. വസ്തുക്കളെ ഞാൻ ശരിയായി ഉപയോഗിക്കുകയും ദൈവത്തിലേക്കുള്ള വഴിയായി ശരിയായി ആസ്വദിക്കുകയും ഇപ്പോൾ അതിനെ ശരിയായി നിയന്ത്രിക്കുകയും വേണം. അത് എതിർ ചേരിയാണ്. വസ്തുക്കളിൽ നിന്ന് സ്വതന്ത്രനാകുവാനും വസ്തുക്കളുടെ അടിമയാകാതിരിക്കുവാനും ഞാൻ ശ്രദ്ധിക്കണം. ഒന്നുകൂടി കൃത്യമായി പറഞ്ഞാൽ: വസ്തുക്കൾ കഴിവുകളിലും സഹജവാസനകളിലും വശീകരണ ശക്തി (Suggestive force) പ്രയോഗിക്കുന്നതുകൊണ്ട് അവയെ ശരിയായി നിയന്ത്രിക്കണം, ആന്തരീകമായി അവയിൽ നിന്നും സ്വാതന്ത്ര്യം നേടണം. എങ്ങനെ ആയിരിക്കാം അത്? ഞാൻ "എതിരായി പ്രവർത്തിക്കുക" എന്ന തത്വം ഉപയോഗിക്കണം. അതായത്, എന്നിലെ മൃഗം ശക്തനായതുകൊണ്ടും ജന്മവാസനകൾ അത്യാഗ്രഹമുള്ളതുമാണ് എന്നറിഞ്ഞുകൊണ്ട് എനിക്ക് ആസ്വദിക്കുവാൻ അനുവാദമുള്ളവയെ അതികുലീനമായിത്തന്നെ ഞാൻ വർജ്ജിക്കണം, പ്രത്യേകമായി വളരെ ആസക്തി നിറഞ്ഞ ഇക്കാലങ്ങളിൽ നിയന്ത്രിക്കണം. കെന്റ്ണിക് അച്ചന്റെ രചന ഇതുവരെ ലൗകികമായതിനെപ്പറ്റിയുള്ള നമ്മുടെ മനോഭാവങ്ങളെ പരിശോധിക്കുന്ന സമയമാണ് ഉത്ഥാന അനുതാപകാലം. അതുപോലെതന്നെ, ഉത്ഥിതനായ ക്രിസ്തുവിൽ ഇതിനകം തുടങ്ങിയതും മറഞ്ഞിരിക്കുന്നതും, എന്നാൽ ശോഭോഷ്മളമായി വീണ്ടും വീണ്ടും മിന്നുന്നതുമായ പുതിയ സ്വർഗ്ഗത്തെപ്പറ്റിയും പുതിയ ഭൂമിയെപ്പറ്റിയുമുള്ള നമ്മുടെ കാഴ്ചപ്പാടുകളെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന സമയം. ■

**ജർമ്മൻ ഭാഷയിലെ ലേഖനത്തിന്റെ വിവർത്തനം തയ്യാറാക്കിയത് :**
**ഫാ. സേവ്യർ മാണിക്യത്താൻ ISch**





# സമ്പത്ത് : ന്യായവും അന്യായവും



ഡോ. കൊച്ചുറാണി ജോസഫ്

ലോകത്തിലെ ഏറ്റവും സന്തോഷപ്രദമായ ജീവിതരീതി നിലനിൽക്കുന്ന രാജ്യമായാണ് സ്വീഡൻ അറിയപ്പെടുന്നത്. അതിന് കാരണമായി പറയപ്പെടുന്നത് ലാഗോവ് എന്നറിയപ്പെടുന്ന അവരുടെ ജീവിതശൈലിയാണ്. ലോഗൂമ് എന്നൊക്കെ പലരീതിയിൽ ഉച്ചരിക്കുന്ന ഈ വാക്കിന്റെ വാച്യാർത്ഥം 'ആവശ്യമുള്ള അത്രയും' (Just Enough) എന്നാണ്. അത് സ്വീഡിഷ് ജനതയുടെ ജീവിതത്തോടുള്ള സമീപനമാണ്. ഒട്ടും കൂടുതലല്ല എന്നാൽ തെല്ലും കുറവുമല്ല, ആവശ്യത്തിനുമാത്രം എന്നരീതിയിൽ വസ്തുക്കളോടും ജീവിത സൗകര്യങ്ങളോടും പുലർത്തുന്ന സമീപനം അവരുടെ സ്വകാര്യതയുടേയും സംതൃപ്തിയുടേയും ആന്തരികഭാവമായാണ് അവലംബിക്കുന്നത്.

സാമ്പത്തികശാസ്ത്രത്തിൽ ഉപയോഗിക്കുന്ന ത്രിഫ്റ്റ് എന്ന പദം പിശുക്ക് എന്നർത്ഥത്തിലല്ല, മിതവ്യയം എന്നാണ് ഭാഷാന്തരം ചെയ്യുന്നത്. കാരണം എല്ലാവരും പിശുക്കരായാൽ രാജ്യം ദരിദ്രമാകും എന്ന പിശുക്കിന്റെ വൈരുദ്ധ്യാത്മികത (Paradox of Thrift) സിദ്ധാന്തത്തിലൂടെ ജോൺ മെയനാർഡ് കെയിൻസ് എന്ന സാമ്പത്തികശാസ്ത്രജ്ഞൻ സമർത്ഥിക്കുന്നു. മിതവ്യയമെന്നത് പണത്തിന്റെ ശ്രദ്ധാപൂർമായ മാനേജ്മെന്റാണ്. വിശ്വസ്തതയുടെ മാറ്റുരക്കുന്ന നോമ്പുകാലത്ത് എല്ലാറ്റിൽനിന്നും ഒരു ക്രമമായ അകലം കാത്തുസൂക്ഷിച്ച് നിയതമായ മിതത്വം പാലിക്കുവാൻ സഭ നമ്മെ ഓർമിപ്പിക്കുന്നു. കേന്ദ്രസംസ്ഥാന ബജറ്റുകളും പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. ഇനി അതനുസരിച്ച് തയ്യാറാക്കേണ്ടത് കുടുംബ ബജറ്റാണ്.

ജീവിതത്തിൽ സാമ്പത്തികമായി മെച്ചപ്പെടണമെന്ന് ആഗ്രഹമില്ലാത്തവരായി ആരുമുണ്ടാകില്ല. ഈ ആഗ്രഹം അതിനാൽതന്നെ തെറ്റല്ലതാനും. കുടുംബജീവിതസംവിധാനം വിജയിക്കാൻ അവശ്യഘടകമാണ് പണം. എന്നാൽ പണമുണ്ട് എന്നതുകൊണ്ട് കുടുംബജീവിതം വിജയിക്കണമെന്നില്ല. സാമ്പത്തിക അസൂത്രണം ഒരു കലയാണ്. ന്യായമായി സമ്പത്ത് നേടുന്നത് തൊട്ട്, അത് ഫലപ്രദമായി ഉപയോഗിക്കുകയും അടുത്ത തലമുറയ്ക്ക് കൈമാറുന്നതുവരെയുള്ള കാര്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. അതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ തലങ്ങൾ അറിഞ്ഞിരിക്കുന്നത് ഉപകാരപ്രദമായിരിക്കും

**ധനത്തിന്റെ ഉറവിടം** : ധനം ദൈവത്തിന്റെ ഔദാര്യത്തിന്റെ അടയാളമാണ്. തന്നിൽ ആശ്രയിക്കുന്നവനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നു. മരുഭൂമിയിൽ വച്ച് ഇസ്രായേൽ ജനത്തോട് ദൈവം പറഞ്ഞു: നിങ്ങൾക്ക് ഭക്ഷിക്കാൻ വൈകുന്നേരം മാംസവും രാവിലെ വേണ്ടുവോളം അപ്പവും കർത്താവ് തരും.... ഇസ്രായേൽക്കാരുടെ പരാതികൾ ദൈവം കേട്ടു.

പ്രഭാതത്തിൽ തൃപ്തിയാവോളം അപ്പവും വൈകുന്നേരമായപ്പോൾ കാടപ്പക്ഷികളെയും നൽകി (പുറ. 16:8-15). കൂടുതൽ ശേഖരിച്ചവർക്ക് കൂടുതലോ കുറവ് ശേഖരിച്ചവർക്ക് കുറവോ ഉണ്ടായിരുന്നില്ല. സങ്കീർത്തകനിലൂടെ ഇത് ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു..... യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് ഒന്നിന്റെയും കുറവുണ്ടാകുകയില്ല. (സങ്കീ. 23:1).

സമ്പത്ത് ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുക ഏറ്റവും വലിയ വിവേകമാണ്. ഇസ്രായേൽ ജനത്തെ അനുഗ്രഹിച്ച കർത്താവ് പറഞ്ഞു: നിങ്ങൾ ഭക്ഷിച്ചു തൃപ്തരാവുകയും നല്ല വീടുകൾ പണിത് അവയിൽ താമസിക്കുകയും നിങ്ങളുടെ ആടുമാടുകൾ പെരുകുകയും വെള്ളിയും സ്വർണ്ണവും വർദ്ധിക്കുകയും മറ്റ് സകലത്തിലും സമൃദ്ധിയുണ്ടാവുകയും ചെയ്യുമ്പോൾ നിങ്ങൾ അഹങ്കരിക്കുകയും അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിങ്ങളെ കൊണ്ടുവന്ന നിങ്ങളുടെ ദൈവമായ കർത്താവിനെ വിസ്മരിക്കുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ....... എന്റെ ശക്തിയും എന്റെ കരങ്ങളുടെ ബലവുമാണ് എനിക്ക് ഈ സമ്പത്തെല്ലാം നേടിത്തന്നതെന്ന് ഹൃദയത്തിൽ നിങ്ങൾ പറയരുത്. (നിയമാ. 8:13-18). ദൈവം അനുവദിക്കുന്നതുകൊണ്ടാണ് എന്റെ കഴിവുകളും ബുദ്ധിയും ആരോഗ്യവും ഉപയോഗിച്ച് ഒരുവന് സമ്പാദിക്കുവാൻ ആവുന്നത്. ഈ തിരിച്ചറിവുള്ളവൻ ഒരിക്കലും സമ്പത്ത് ദുരുപയോഗം ചെയ്യില്ല. ഞാൻ ജോലി ചെയ്തുണ്ടാക്കിയ കാശാ, അത് എന്റെ ഇഷ്ടം പോലെ ചെലവഴിക്കും. ആരാണ് അത് ചോദിക്കാൻ? എന്നൊക്കെ പറയാൻ ഒരാൾക്ക് എന്താണ് അവകാശം? അദ്ധ്വാനിക്കുവാനും സമ്പത്ത് നേടാനും ഒരുവന് ഇടയാക്കുന്നത് ധനത്തിന്റെ ഉറവിടമായ ദൈവം തന്നെയാണ്. അതുകൊണ്ട് സമ്പത്തിൽ അഹങ്കരിക്കുന്നവൻ നാശത്തിന്റെ പാതയിലാണ്.

**എല്ലാ ധനവും ദൈവത്തിൽ നിന്നല്ല** : സമ്പത്ത് ദൈവത്തിന്റെ ദാനമാണ് എങ്കിലും എല്ലാ ധനവും ദൈവത്തിൽ നിന്നല്ല എന്നും നമ്മൾ തിരിച്ചറിയണം. ജറമിയാ പ്രവാചകനിലൂടെ അവിടുന്ന് പറയുന്നു: എന്റെ ജനത്തിനിടയിൽ ദുഷ്ടന്മാർ കടന്നുകൂടി വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കെണിയൊരുക്കി മനുഷ്യരെ കുടുക്കിലാക്കുന്നു. അവരുടെ ഭവനങ്ങളിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ വമ്പന്മാരും പണക്കാരുമായി. അവർ തടിച്ചുകൊഴുത്തു. അവരുടെ ദുഷ്ടതയ്ക്ക് അതിരില്ല. അവരുടെ വിധികൾ നീതിയുക്തമല്ല. (ജറെ. 5: 27). ധനം അതിനാൽത്തന്നെ ചീത്തയല്ല. മനുഷ്യന് അതിനോടുള്ള മനോഭാവമാണ് അതിനെ ചീത്തയാക്കുന്നത്. ദൈവത്തെ മറക്കാൻപോലും അത് ഇടയാക്കുന്നു. സമ്പത്ത് വർദ്ധിച്ചാൽ അതിൽ മനസ്സുവയ്ക്കരുത് എന്ന് സങ്കീർത്തകൻ ഓർമ്മപ്പെടുത്തുന്നു (സങ്കീ. 62:10). അദ്ധ്വാനിക്കാതെതന്നെ പണം നേടാനാവുമെന്ന് മോഹിപ്പിക്കുന്ന അനവധി സ്ഥാപനങ്ങളുണ്ട്. എന്നാൽ അദ്ധ്വാനിക്കാതെ നേടുന്ന പണം അടുത്ത തലമുറയ്ക്കുവേണ്ടി സ്വരുക്കൂട്ടി



വച്ചാൽപോലും അതവർക്ക് അനുഭവിക്കാനാവുന്നില്ല എന്നത് ഒരു യാഥാത്ഥ്യമാണ്.

ദൈവത്തെ മാറ്റിനിർത്തിക്കൊണ്ടുള്ള സാമ്പത്തിക ആസൂത്രണം അസംതൃപ്തിയിലേക്ക് നയിക്കും. തന്റെ ധാന്യം മുഴുവൻ സൂക്ഷിക്കുവാൻ അറപ്പുര പൊളിച്ച് വലിയവ പണിത് നിക്ഷേപിച്ച ഏറ്റവും വലിയ ആസൂത്രണവിദഗ്ധനെ കർത്താവ് ഭോഷാ എന്ന് വിളിക്കുന്നു. (ലൂക്കാ 12:20) നിങ്ങളേറെ വിതച്ചു കുറച്ചുമാത്രം കൊയ്തു. നിങ്ങൾ ഭക്ഷിക്കുന്നു; ഒരിക്കലും തൃപ്തരാകുന്നില്ല. നിങ്ങൾ പാനം ചെയ്യുന്നു; തൃപ്തി വരുന്നില്ല. നിങ്ങൾ വസ്ത്രം ധരിക്കുന്നു; ആർക്കും കുളിരു മാറുന്നില്ല. കൂലി ലഭിക്കുന്നവന് അത് ലഭിക്കുന്നത് ഓട്ടസഞ്ചിയിലിടാൻ മാത്രം (ഹഗ്ഗാ. 1:5-6). തോബിത്തിന്റെ പുസ്തകത്തിൽ തോബിത്തിന്റെ ഭാര്യ അന്ന തന്റെ ഭർത്താവിനോട് പറയുന്നു: നമ്മുടെ കുഞ്ഞിനെ എന്തിനാണ് ഇങ്ങനെ ദൂരെ അയച്ചത്. നമുക്ക് അവൻ താങ്ങായിരുന്നില്ലേ. പണമല്ല പ്രധാനം അത് നമ്മുടെ മകനേക്കാൾ വിലപ്പെട്ടതുമല്ല. കർത്താവ് തന്ന ജീവിതസൗകര്യങ്ങൾ കൊണ്ട് തൃപ്തിപ്പെട്ടുകൂടേ? (തോബിത്ത് 5:17-19).

**തൊഴിൽ സംസ്കാരം** : സമ്പത്ത് ദൈവദാനമാണെന്ന് വിചാരിച്ച് വെറുതെയിരിക്കുന്നവനെ ദൈവം സാമ്പത്തികമായി അനുഗ്രഹിക്കില്ല. താലന്ത് ഉപയോഗിക്കാത്തവനിൽ നിന്ന് അത് തിരികെ എടുക്കുന്നതും ശരിയായി ഉപയേഗിച്ചവന് അത് ധാരാളമായി കൊടുക്കുന്നതും നാം കാണുന്നുണ്ട്. ബൈബിളിൽ ദൈവം വിളിച്ചു മാറ്റി നിർത്തി അനുഗ്രഹിച്ച വ്യക്തികളെല്ലാം തന്നെ പണിസ്ഥലത്തുനിന്നാണ് വിളിക്കപ്പെട്ടത്. അബ്രഹാമും മോശയും ദാവീദും വിളിക്കപ്പെട്ടപ്പോൾ ആടിനെ മേയിക്കുകയായിരുന്നു. പത്രോസും അന്ത്രയോസും വിളിക്കപ്പെട്ടപ്പോൾ



മീൻപിടുത്തം കഴിഞ്ഞ് വല കഴുകുകയായിരുന്നു. മത്തായി ചുങ്കം പിരിക്കുന്ന സ്ഥലത്തുനിന്നാണ് വിളിക്കപ്പെട്ടത്. പൗലോസിനെ വിളിക്കുമ്പോൾ തന്നെ ഏൽപിച്ച പട്ടാളദൗത്യവുമായി അദ്ദേഹം യാത്ര ചെയ്യുകയായിരുന്നു. പണിയെടുക്കാത്തവനെയല്ല, അദ്ധ്വാനിക്കുന്നവനെയാണ് പുതിയ ഉത്തരവാദിത്വങ്ങൾ ദൈവം ഏല്പിക്കുന്നത്.

ഏതൊരു വ്യക്തിയെയും ചില വ്യത്യസ്ത കഴിവുകളുടെ, സാദ്ധ്യതകളുടെ, ബുദ്ധിവൈഭവമായും തൊഴിൽ ചെയ്യാൻ പറ്റിയ ക്രയശേഷിയുമായിട്ടാണ് ദൈവം ഈ ലോകത്തിലേക്ക് അയയ്ക്കുന്നത്. അതിനെ കണ്ടെത്തി ഉപയോഗിക്കുക എന്നതിലാണ് തൊഴിൽ സംസ്കാരം അടങ്ങിയിരിക്കുന്നത്. ഏതൊരു തൊഴിലും മാന്യമാണ്. ദൈവതിരുമുമ്പിൽ അതിന് ഉച്ചനീചത്വമില്ല. അവനവന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അദ്ധ്വാനിച്ചു ജീവിക്കുവാൻ ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. അദ്ധ്വാനം വഴി യേശുക്രിസ്തുവിന്റെ രക്ഷാകർമത്തിൽ മനുഷ്യൻ ഭാഗഭാക്കാകുന്നുവെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. നസ്രത്തിൽവച്ച് ദിവ്യനാഥൻ സ്വന്തം കരങ്ങൾകൊണ്ട് പണിയെ

ടുത്തു ജീവിക്കാൻ തിരുവുള്ളമായതിനാൽ ജോലിയെ അവിടുന്ന് മഹനീയ പദവിയിലേക്ക് ഉയർത്തിയിട്ടുണ്ടല്ലോ. ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നത് ഓരോരുത്തനും വിശ്വസ്തമായി ജോലിചെയ്യാനുള്ള കടമയും അവകാശവും ഉണ്ടെന്നാണ് (സഭ ആധുനിക ലോകത്തിൽ : ഖണ്ഡിക 67).

തൊഴിൽ സംസ്കാരവുമായി ബന്ധപ്പെട്ട് രണ്ടു കാര്യങ്ങൾ കുടുംബങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 1: ദമ്പതികൾ തമ്മിൽത്തമ്മിൽ അവരുടെ ഇപ്പോഴുള്ള സാമ്പത്തികസ്ഥിതിയിൽ സംതൃപ്തരായിരിക്കണം. 2: അതോടൊപ്പം ദമ്പതികൾ പരസ്പരം ഇപ്പോഴുള്ള അവസ്ഥയെ മെച്ചപ്പെടുത്തുന്നതിൽ ഉത്സുകരായിരിക്കണം. ഭാര്യാഭർത്താക്കന്മാർ പരസ്പരം വിദ്യാഭ്യാസം തുടരുന്നതിലും പുതിയ തൊഴിൽ സാഹചര്യങ്ങൾ കണ്ടെത്തുന്നതിലും പ്രോത്സാഹിപ്പിക്കണം.




**ധനവിനിയോഗം** : സമ്പത്ത് ദൈവകൃപയായതുകൊണ്ട് സമ്പത്തിന്റെ വിനിയോഗത്തിന് ഏതൊരുവനും കണക്ക് കൊടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം വിവേകപൂർവ്വം ചെലവഴിക്കാൻ ഉത്സുകരായിരിക്കണം. ഇവിടെയാണ് യഥാർത്ഥത്തിലുള്ള മണി മാനേജ്മെന്റിന്റെ പ്രസക്തി. പണസംബന്ധമായ കാര്യങ്ങളിൽ വിവേകമുണ്ടാകണമെന്ന് ഈശോ ഓർമ്മിപ്പിക്കുന്നു. ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ അത് പൂർത്തിയാക്കാൻ വേണ്ട വക തനിക്കുണ്ടോ എന്ന് അതിന്റെ ചെലവു ആദ്യമേതന്നെ കണക്കുകൂട്ടി നോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അടിത്തറ കെട്ടിക്കഴിഞ്ഞ് പണി മുഴുവനാക്കാൻ കഴിയാതെ വരുമ്പോൾ കാണുന്നവരെല്ലാം അവനെ ആക്ഷേപിക്കും. അവർ പറയും: ഈ മനുഷ്യൻ പണിയാരംഭിച്ചു. പക്ഷെ പൂർത്തിയാക്കാൻ കഴിഞ്ഞില്ല; അല്ലെങ്കിൽ ഇരുപതിനായിരം ഭടന്മാരോടുകൂടെ തനിക്കെതിരെ വരുന്നവനെ പതിനായിരം കൊണ്ട് നേരിടാൻ സാധിക്കുമോയെന്ന് ആദ്യമേ ആലോചിക്കാതെ യുദ്ധത്തിനു പോകുന്ന ഏതു രാജാവാണുള്ളത് ? (ലൂക്കാ 14:28-31).

**കുടുംബ ബഡ്ജറ്റ്** : ധനവിനിയോഗത്തിന്റെ ഒരു പ്രധാന ക്രമമാണ് ബഡ്ജറ്റ് തയ്യാറാക്കൽ. കുടുംബങ്ങൾക്ക് പല രീതിയിൽ ബഡ്ജറ്റ് ഉണ്ടാക്കാം. ഉദാഹരണത്തിന് ഒരു ദിവസത്തേയ്ക്ക്, ഒരു ആഴ്ചത്തേയ്ക്ക് ഒരു മാസത്തേയ്ക്ക് തുടങ്ങിയവ. കുടുംബ ബഡ്ജറ്റ് ഉണ്ടായിരിക്കണമെന്നതാണ് പ്രധാനം. അത് ദമ്പതികൾ പരസ്പരം ആലോചിച്ച് ക്രമപ്പെടുത്തേണ്ടതാണ്. ഒരു ചെറിയ മാതൃക ഇവിടെ കാണിക്കുന്നു.

| വരുമാനം | ചിലവ് | കടം | സമ്പാദ്യം |
| --- | --- | --- | --- |
| | | | |

ഒന്നും രണ്ടും കോളങ്ങൾ തമ്മിൽ വിടവുണ്ടാകുമ്പോഴാണ് മൂന്നാമത്തെ കോളം സൃഷ്ടിക്കപ്പെടുന്നത്. എന്താണ് സമ്പാദ്യം? ചിലവ് കഴിഞ്ഞ് മിച്ചം വരുന്നതല്ല സമ്പാദ്യം. സമ്പാദ്യം കഴിഞ്ഞ് മിച്ചം വരുന്നതാണ് ചിലവ്. ഈ അടിസ്ഥാനചിന്തയിൽ നിന്നാണ് സമ്പാദ്യം തുടങ്ങേണ്ടത്. കുടുംബത്തിന് സാമ്പത്തിക പിന്തുണ നൽകാൻ സ്ത്രീക്കും സാധിക്കുന്നത് ഉചിതമാണ്. അത് അവളിൽ ആത്മാഭിമാനം വളർത്തും. എന്നാൽ അത് അഹങ്കാരത്തിലേക്കും നിഷേധാത്മകമായ സ്വയം പര്യാപ്തതയിലേക്കും നയിക്കുന്നതെങ്കിൽ ദോഷകരമാണ്.

ഫലപ്രദമായ പേരന്റിംഗ് എന്നതിൽ സമ്പാദ്യശീലത്തിന്റെ ആദ്യപടികളുംകൂടി കുട്ടികൾക്ക് പറഞ്ഞു കൊടുക്കണം. പണമിടപാടുകൾ കുടുംബത്തിൽ ചർച്ചാവിഷയമാവണം.പല മാതാപിതാക്കളും തങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട് മക്കളെ അറിയിക്കാതെയാണ് വളർത്തുന്നത്.



തങ്ങൾക്ക് ലഭിക്കാതെ പോയതെല്ലാം മക്കളിലൂടെ ഏതു വിധേനയും സാധിച്ചെടുക്കണം എന്ന വാശിയിൽ കുട്ടികളാണ് തകർന്നുപോവുന്നത്. സാമ്പത്തിക അച്ചടക്കമില്ലാതെ വളരുന്നതു മൂലം മിതവ്യയത്തെ പിശുക്കായി അവർ ചിത്രീകരിക്കുന്നു. അവരുടെ ആവശ്യങ്ങൾ സാധിക്കാതെ വരുമ്പോൾ അവർ മാതാപിതാക്കൾക്ക് എതിരാകുന്നു. മക്കളെ ദാരിദ്ര്യവും ബുദ്ധിമുട്ടും അറിയിച്ചു വളർത്തുക എന്നതിന്റെ അർത്ഥം അവരുടെ ആവശ്യങ്ങൾ നിരാകരിക്കണമെന്നല്ല, മറിച്ച് ആവശ്യവും അത്യാവശ്യവും ആഡംബരവും തിരിച്ചറിയാനുള്ള വിവേകം പ്രദാനം ചെയ്യുക എന്നതാണ്. മക്കൾ കോളേജിൽ വരുമ്പോൾ 2000 രുപായുടെ വസ്ത്രമണിഞ്ഞു വരുന്നതും അവരുടെ അമ്മ ഓപ്പൺഹൗസിൽ വരുമ്പോൾ 150 രൂപയുടെ സാരി ധരിച്ചുവരുന്നതും കാണുവാൻ ഇടവന്നിട്ടുണ്ട്.

കേരളത്തിലെ കുടുംബങ്ങളെ ഇന്ന് ത്രസിച്ചിരിക്കുന്ന ഒരു പ്രധാന വിപത്താണ് അനുകരണ മനോഭാവം. താഴ്ന്ന വരുമാനക്കാർ മധ്യവർഗ്ഗക്കാരെയും, മധ്യവർഗ്ഗം സാമ്പത്തികമായി ഉയർന്നവരെയും അനുകരിക്കാൻ പരിശ്രമിക്കുമ്പോൾ സാമ്പത്തിക താളപ്പിഴകൾ ഉടലെടുക്കുന്നു. നമ്മൾ എന്തു ധരിക്കണം, എന്ത് ഭക്ഷിക്കണം എന്നൊക്കെ തീരുമാനിക്കേണ്ടത് പരസ്യകമ്പനികളല്ല, സുഹൃത്തുക്കളുമല്ല, ആത്യന്തികമായി നമ്മൾ തന്നെയാണ്. ഈ തിരിച്ചറിവാണ് ആവശ്യമായിരിക്കുന്നത്. അതുപോലെതന്നെ ഖേദകരമായ വസ്തുതയാണ് ഭാര്യാഭർത്താക്കന്മാർ പരസ്പരം ആലോചിക്കാതെ സ്വന്തമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നത്.

**സമ്പത്തിന്റെ സാമൂഹികമാനം** : ദൈവത്തിൽ നിന്ന് ഔദാര്യം അനുഭവിച്ചവർ നമുക്കുള്ള വിഭവങ്ങൾ പങ്കുവച്ച് ഉദാരരായിരിക്കണമെന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു. മനുഷ്യൻ

ദൈവത്തെ കൊള്ളയടിക്കുമോ എന്നാൽ നിങ്ങളെന്നെ കൊള്ളചെയ്യുന്നു. എങ്ങനെയാണ് ഞങ്ങളങ്ങയെ കൊള്ളചെയ്യുന്നതെന്ന് നിങ്ങൾ ചോദിക്കുന്നു. ദശാംശങ്ങളിലും കാഴ്ചകളിലും തന്നെ. നിങ്ങൾ ജനം മുഴുവനും എന്നെ കൊള്ള ചെയ്യുന്നതുകൊണ്ട് നിങ്ങൾ അഭിശക്തരാണ്. ദശാംശം മുഴുവൻ കലവറയിലേക്ക് കൊണ്ടുവരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണമുണ്ടാകട്ടെ. ഞാൻ നിങ്ങൾക്കായി സ്വർഗ്ഗകവാടങ്ങൾ തുറന്ന് അനുഗ്രഹം വർഷിക്കുകയില്ലേയെന്ന് നിങ്ങൾ പരീക്ഷിക്കുവിൻ. (മലാ . 3:8-12).

ലളിതജീവിതത്തിലേക്കുള്ള സുദീപ്തമായ വിളിയും അത് സ്വായത്തമാക്കുവാനുള്ള അഭിവാഞ്ചയും സുമനസ്സുകളുടെ പ്രത്യേകതയാണ്. ദാരിദ്ര്യത്തിലും സുഭിക്ഷതയിലും ഒരേ മനസ്സോടെ എനിക്ക് ജീവിക്കാനാവും എന്ന വി. പൗലോസിന്റെ വാക്കുകൾ ഈ ദീപ്തിയെയാണ് വരച്ചുകാണുന്നത്. മാർപാപ്പ താമസിക്കുന്ന വസതിയിലെ കിടപ്പുമുറി ഫേസ്ബുക്കിൽ കണ്ടതോർക്കുന്നു. ഒരു കട്ടിൽ, സ്റ്റാൻഡ്, കുരിശുരൂപം, എഴുതാനും ധ്യാനിക്കാനും ഉതകുന്ന ഒരു മേശ, അത്യാവശ്യം വായിക്കാനുതകുന്ന



പുസ്തകങ്ങളുടെ ഷെൽഫ് അത്രമാത്രം. നമ്മളെല്ലാവരും ദാരിദ്ര്യത്തിൽ കഴിയണം എന്നല്ല ഇതിൽനിന്ന് അർത്ഥമാവുന്നത്. എല്ലാത്തിനോടും കാണിക്കുന്ന നിയതമായ അകലവും മിതത്വവുമാണ്. കാരണം ലാളിത്യം ഒരു ജീവിത സമീപനമാണ്.

ആത്മീയത അതിന്റെ അർത്ഥതലങ്ങളും ഭ്രമണപഥങ്ങളും മാറ്റിമറിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ നോമ്പിന്റെ വ്യാപ്തിയും വ്യത്യാസപ്പെടുകയാണ്. ഉൽസാഹവും തീക്ഷ്ണതയും യഥാർത്ഥപശ്ചാത്താപത്തിന്റെ ഫലങ്ങളായിട്ടാണ് പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്. (2 കൊറി 7:11) നോമ്പുകാലം ചാരം പൂശി ചാക്കുമുടുത്ത് വിലപിക്കുന്നതിനേക്കാളുമപ്പുറം തന്നെ ഭരമേൽപിച്ച ജീവിതങ്ങളോടും അതിന്റെ ഉത്തരവാദിത്വങ്ങളോടും ഉൽസാഹത്തോടെയും തീക്ഷണതയോടെയുമുള്ള അർപ്പണത്തിന്റെ സമയമാണ്. എല്ലാ കാര്യത്തിലും മിതത്വമുണ്ടാവുമ്പോൾ പണം, സമയം, ആരോഗ്യം, ബന്ധങ്ങൾ എന്നിവ സന്തുലിതമാവും.

**കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക പ്രമാണ രേഖ**

1. ഞങ്ങൾക്ക് ദൈവം നൽകിയ തൊഴിലിനെയും, ജീവിതമാർഗത്തെയും ഓർത്ത് എന്നും ദൈവത്തിന് നന്ദി പറയും.
2. ഞങ്ങൾക്ക് ജീവിക്കാനാവശ്യമായ ധനം ഞങ്ങൾ അദ്ധ്വാനിച്ച് ഉണ്ടാക്കും.
3. പ്രധാനപ്പെട്ട സാമ്പത്തിക ഇടപാടുകൾ ഞങ്ങൾ പരസ്പരം ഒന്നിച്ച് ആലോചിച്ചു മാത്രം തീരുമാനമെടുക്കും.
4. സമ്പത്തിന്റെ പേരിൽ ഞങ്ങളൊരിക്കലും കലഹിക്കുകയോ ഇല്ലായ്മകളിൽ പരസ്പരം പഴിചാരുകയോ ചെയ്യില്ല.
5. ഞങ്ങളുടെ സമ്പത്തിന്റെ ഒരു ചെറിയ വീതമെങ്കിലും ആവശ്യക്കാരനുമായി പങ്കുവയ്ക്കുന്നതിൽ ഉത്സുകരായിരിക്കും. ●

# എന്റെ പ്രണയിനി



ബ്രദർ അബിൻ ISch

ഞാൻ ആദ്യമായി കണ്ണുതുറന്നപ്പോൾ കണ്ടത് എന്റെ അമ്മയെ ആണെങ്കിലും, കേട്ടത് അവളുടെ പേരാണ്. കിടന്ന് കരയുന്ന നേരത്ത് എല്ലാവരും എന്നെ നോക്കി ചിരിക്കുമ്പോൾ ഞാൻ അന്വേഷിച്ചത് അവളെയാണ്. പക്ഷേ ഞാൻ അവളെ കണ്ടില്ല. അവളെക്കുറിച്ച് കേൾക്കുവാൻ എനിക്ക് വളരെ ഇഷ്ടമായിരുന്നു. അതുകൊണ്ട് ഞാൻ എന്റെ അമ്മയുടെ മടിയിലിരുന്ന് അവളെക്കുറിച്ച് കേട്ടറിയും. അങ്ങനെ ഒരു ദിവസം അവളുടെ ഫോട്ടോ അമ്മയെനിക്ക് കാണിച്ചുതന്നു. ഏതു സൗന്ദര്യത്തെയും വെല്ലുന്ന സൗന്ദര്യമാണവൾക്ക്. അവളെ കണ്ടപ്പോൾ, ഞാൻ മനസ്സിലുറപ്പിച്ചു. ഞാൻ ജനിച്ചതുപോലും അവൾക്കുവേണ്ടിയാണ്. വളരുംതോറും അവളെ സ്വന്തമാക്കണമെന്നുള്ള എന്റെ ആഗ്രഹവും വളർന്നുകൊണ്ടേയിരുന്നു. അതിനിടയിൽ സ്നേഹിതൻ പറഞ്ഞു അവൾ നിനക്ക് ചേരില്ല. ബന്ധുക്കളും, നാട്ടുകാരും പറഞ്ഞു അവളെ ഉപേക്ഷിക്കാൻ. എന്നാൽ എനിക്കപ്പോൾ അവളോടു സ്നേഹം വർദ്ധിക്കുകയാണ് ചെയ്തത്. ദൈവം പണ്ടേ എന്റെ നട്ടെല്ലിൽ നിന്ന് ഒരുഭാഗമെടുത്ത് അവളെ സൃഷ്ടിച്ചതുപോലെ. കാലങ്ങൾ ഇങ്ങനെ ഉരുണ്ടുപോയി. അവളോടുള്ള എന്റെ സ്നേഹവും ആഗ്രഹവും വർദ്ധിച്ചുകൊണ്ടേയിരുന്നു.

ഒത്തിരി നാളത്തെ കാത്തിരിപ്പിനുശേഷം ആ ദിവസം വന്നെത്തി. ഞാൻ എന്റെ പ്രിയസഖിയെ സ്വന്തമാക്കുന്ന ദിവസം. സ്വർണ്ണാഭരണങ്ങൾ അണിഞ്ഞ്, അവൾ ചിരിതൂകി നിൽക്കുമ്പോൾ അനേകം വൈദികരുടെ അകമ്പടിയോടെ, എന്റെ അമ്മച്ചിയുടെയും അപ്പച്ചന്റെയും നടുവിൽ ഒരു രാജപുത്രനെപ്പോലെ ഞാനും അവളുടെ അടുത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. ഞാൻ അവളെ സ്വന്തമാക്കുന്ന ആ മഹനീയ നിമിഷം കാണുവാനായി എത്തിയിരിക്കുന്ന എന്റെ ബന്ധുക്കളും അനേകം വ്യക്തികളും. അവരെല്ലാം കൂപ്പുകൈകളോടെ എന്നെ നോക്കി പുഞ്ചിരിക്കുന്നു. അവരുടെ നടുവിൽ കൂടി ഞാൻ നടന്നുനീങ്ങുന്നു. എന്റെ കൈയ്യിൽ അവൾക്ക് സമർപ്പിക്കുവാനുള്ള ജീവിതമെന്നവണ്ണം തിളങ്ങുന്ന ഒരു കുർബ്ബാനക്കുപ്പായവും. വേദിയിൽ മെത്രാന്മാരുടെയും വൈദീകരുടെയും നടുവിൽ എന്നെ കാത്തുനിൽക്കുന്ന അവളുടെ അടുത്തേയ്ക്ക് ഞാൻ വന്നെത്തി. അങ്ങനെ മെത്രാൻ എന്റെ തലയിൽ കുരിശടയാളം വരച്ചതോടെ വർഷങ്ങളായ എന്റെ കാത്തിരിപ്പും അവസാനിച്ചു. തിളങ്ങുന്ന വിശുദ്ധ വസ്ത്രമായ അവൾ എന്റെ ദേഹത്ത് സ്ഥാനമുറപ്പിച്ചിരിക്കുന്നു. ഞാൻ അവളെ സ്വന്തമാക്കി. ഇന്നു മുതൽ ക്രിസ്തുവിന്റെ മണവാട്ടി എന്റെ സ്വന്തമാണ്. ഞാൻ അവളുടേതും.

"കാത്തിരിക്കുന്ന ഹൃദയത്തിന് ദൈവം നൽകുന്ന ക്ഷണമാണ് ദൈവവിളി"

ഫാ. ഹോർവെ

# ഉത്ഥാന അനുഭവം കുടുംബജീവിതത്തിൽ



ഡോ. വിൽസൻ പാറേക്കാട്ടിൽ ISch

"കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു" (യോഹ.20:20). ഈ സന്തോഷമാണ് സുവിശേഷത്തിന്റെ ആരംഭം. ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ ഉത്ഥിതനെക്കുറിച്ച് അറിയാവുന്നതും, ഓർമ്മിക്കാവുന്നതും എല്ലാം തുന്നിച്ചേർത്തതാണ് സുവിശേഷം. ഉത്ഥാന അനുഭവം ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനമാണ്. ഈ അനുഭവത്തിന്റെ കാതലാകട്ടെ സന്തോഷവും സമാധാനവും, പ്രത്യാശയും. കുടുംബബന്ധങ്ങളിൽ എങ്ങനെ ഉത്ഥിതനെ കണ്ടുമുട്ടാം എന്നതിനെക്കുറിച്ച് ചില ചിന്തകൾ ചുവടെ ചേർക്കുന്നു. മരണത്തിന്റെ മാലാഖയായ കൂടത്തായിയിലെ ജോളിയെക്കുറിച്ചുള്ള ചിന്തകളോടെ ആരംഭിച്ച്, നസ്രസ്സിലെ ഉത്ഥിതന്റെ കുടുംബത്തിലൂടെ കടന്ന്, നമ്മുടെ കുടുംബങ്ങളിൽ ഉത്ഥിതനെ കണ്ടുമുട്ടാൻ ചില ചിന്തകൾ പങ്കുവയ്ക്കുകയാണ് ലേഖനത്തിന്റെ ലക്ഷ്യം.

**ഞാൻ വന്നിരിക്കുന്നത് മരണം ഉണ്ടാകുവാനും, അത് ധാരാളമായി ഉണ്ടാകുവാനുമാണ്.**

കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച വാർത്തകളാണ് 2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ കൂടത്തായിലെ 'ജോളി' എന്ന കഥാപാത്രത്തിന്റെ ജീവിതം കേരളത്തെ അറിയിച്ചത്. 14 വർഷത്തിനിടയിൽ കുടുംബത്തിലെ 6 പേരെ കൊലപ്പെടുത്തിയ സംഭവം. ജോളിയെ കൊലകൾക്ക് പ്രേരിപ്പിച്ച് പ്രേരകശക്തികളെക്കുറിച്ച് മുൻ മുംബൈ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് പ്രഫസറായ ഡോ. വർഗ്ഗീസ് വയലാമണ്ണിൽ ദേവസ്യയുടെ പഠനം വളരെ ശ്രദ്ധേയമാണ്.

കുടുംബത്തിന്റെ മുഴുവൻ ബഹുമാനവും അവരുടെയെല്ലാം മേൽ സ്നേഹത്തിന്റെ സ്വാധീനവും അനുഭവിച്ച അമ്മായിമ്മയെ കൊലപ്പെടുത്തിയതിന്റെ പിന്നിലെ ചാലകശക്തി ആ അമ്മക്കുണ്ടായിരുന്ന സ്വാധീനവും, അധികാരവും പിടിച്ച് പറ്റുക എന്നതായിരുന്നു. അമ്മാനപ്പനെ കൊലപ്പെടുത്തിയത് അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന അധികാരവും സ്വത്തും കൈക്കലാക്കാനായിരുന്നു. അധികാരവും, സ്വത്തും കൈവന്നപ്പോൾ പിന്നെ സ്വാഭാവികമായും അടുത്ത മേഖല ലൈംഗികതയാണ്. ഭർത്താവിനേക്കാൾ



കൂടുതൽ ആകർഷണം തോന്നിയവനെ സ്വന്തമാക്കാൻ ഭർത്താവിനെ വകവരുത്തി. ജോളിയെ സംബന്ധിച്ചിടത്തോളം ഓരോ മരണവും വിജയവും, അടുത്ത കൊലക്കുള്ള ഉത്തേജനവും ആയിരുന്നു. ബാക്കിയുള്ള കൊലപാതകങ്ങൾ തന്റെ മുന്നോട്ടുള്ള വഴിയിൽ തടസ്സമായി നിന്നവരോടുള്ള കോപമോ, അല്ലെങ്കിൽ വഴിയിലെ തടസ്സങ്ങൾ നീക്കാനോ വേണ്ടിയായിരുന്നു. ഒരു കുടുംബത്തിൽ മരണത്തിന്റെ ചങ്ങല തീർത്ത ഈ " ജോളി ആന്റിയുടെ" ജീവിതത്തിന്റെ പ്രേരകശക്തികൾ അധികാരം, സ്വത്ത്, ലൈംഗികത, കോപം പിന്നെ അതിന്റെ മറ്റ് അനുബന്ധതാല്പര്യങ്ങളുമാണ് എന്ന് നമുക്ക് മനസ്സിലാക്കാം.

**തിരുകുടുംബം ഉത്ഥിതന്റെ കുടുംബം**

"ഞാൻ വന്നിരിക്കുന്നത് ജീവനുണ്ടാകുവാനും, അത് സമൃദ്ധിയായ് ഉണ്ടാകുവാനും ആണ്" എന്ന് പ്രഘോഷിച്ച ഈശോയുടെ കുടുംബമാണ് തിരുകുടുംബം. സ്വന്തം ഭാര്യ താനറിയാതെ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ പോലും അവളെ രഹസ്യമായ് ഉപേക്ഷിക്കാൻ മനസ്സായ വി. യൗസേപ്പിതാവിന്റെ കുടുംബം. ദാരിദ്ര്യത്തിന്റേയും, ലാളിത്യത്തിന്റെയും, വിശുദ്ധിയുടേയും വഴിയിലൂടെയാണ് തിരുകുടുംബം എപ്പോഴും സഞ്ചരിച്ചത്. ദൈവികരഹസ്യങ്ങളെ ഹൃദയത്തിൽ ഒതുക്കികൊണ്ട് വേദനയുടെ വാൾ ഹൃദയത്തിലൂടെ കടന്ന് പോയപ്പോഴും സ്വന്തം മകനെ കുരിശിന്റെ വഴിയിലൂടെ അനുഗമിച്ച് കാൽവരിയിൽ ബലി അർപ്പിച്ച അമ്മയായ മറിയത്തിന്റെ കുടുംബം. ഈ കുടുംബത്തിലെ ഓരോ വ്യക്തികളേയും മുന്നോട്ട് നയിച്ച ചാലകശക്തികൾ എത്രയോ വിഭിന്നമാണ്. നമ്മുടെ കുടുംബങ്ങൾക്കും ഉത്ഥാന അനുഭവത്തിൽ എങ്ങനെ പങ്കുചേരാൻ സാധിക്കും ? 3 സാധ്യതകൾ നമുക്ക് പരിശോധിക്കാം.

**എന്റെ മുറിവുകൾ സ്പർശിക്കുക**

ഉത്ഥാന അനുഭവത്തിലൂടെ കടന്നുപോകാനുള്ള ഏക മാർഗ്ഗമാണ് മുറിവുകൾ. മുറിക്കപ്പെട്ടതിനുശേഷം മാത്രമേ ക്രിസ്തു ഉയിർപ്പിക്കപ്പെട്ടുള്ളു. ഉത്ഥിതന്റെ അടയാളമായ് ഈശോ ശിഷ്യന്മാരെ കാണിക്കുന്നത് തന്റെ തിരുമുറിവുകളാണ്. മുറിക്കപ്പെട്ടവന്റെ തിരുമുറിവുകൾ തൊട്ട് അവിശ്വാസിയായ തോമസ് ഉത്ഥിതനെ തിരിച്ചറിഞ്ഞു ഏറ്റുപറഞ്ഞു. മുറിവുകളെ കുറവുകളായ് കരുതുന്നവരാണ് നാം. മുറിപ്പെടുത്തിയവരോട് പ്രതികാരവും, വൈരാഗ്യവും നമ്മൾ കൊണ്ടു നടക്കുന്നു. പ്രതികാരം ചോദിക്കാൻ സാധിച്ചില്ലേലും, മുറിപ്പെടുത്തിയവരുടെ പരാജയത്തിലും, ദു:ഖത്തിലും നാം സ്വന്തം ഭാര്യയോ ഭർത്താവോ ആണെങ്കിൽപോലും! ഉത്ഥിതന്റെ



തിരുമുറിവുകൾ നമുക്ക് ഒരു ഓർമ്മപ്പെടുത്തലായിരിക്കട്ടെ. നമ്മുടെ മുറിവുകളെ ഉത്ഥിതന്റെ മുറിവുകളോട് ചേർത്ത് വയ്ക്കുമ്പോൾ അവയെല്ലാം ഉത്ഥിതനിലേക്കുള്ള വാതിലുകളായ് മറും – മുറിവുകൾ ഉറവകളായ് മാറും

**ഉത്ഥിതനെ കാണാൻ ഉരുട്ടിമാറ്റപ്പെടേണ്ട പാറകൾ**

വി. യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം നേരം പുലരുന്നതിനു മുമ്പേതന്നെ ഇരുട്ടിൽ തപ്പിത്തടഞ്ഞ് മഗ്ദലേനമറിയം കല്ലറയിങ്കലേക്ക് ഓടിച്ചെന്നു. കല്ലറയുടെ മുമ്പിലെ പാറ ഉരുട്ടിമാറ്റപ്പെട്ടതായ് കണ്ട മറിയത്തിന്റെ ആദ്യത്തെ ചിന്ത ഒരുപക്ഷേ ഈശോ ഉയർത്തെഴുന്നേറ്റ് കാണുമോ എന്നായിരുന്നില്ല. മറിയം അന്വേഷിച്ചത് മരിച്ചവനെയായിരുന്നു. ഉത്ഥിതനെ ആയിരുന്നില്ല. മരിച്ചവനെ തിരഞ്ഞ മറിയമാണ് ഉത്ഥിതനെ കണ്ടെത്തിയത്. ഉത്ഥിതനെ അന്വേഷിച്ചുള്ള നമ്മുടെ യാത്രയിൽ നമുക്കു വേണ്ടി കല്ലുരുട്ടി മാറ്റുന്ന മാലാഖമാരെ നമുക്കും ആവശ്യമുണ്ട്. ഇത്തരം മാലാഖമാർ മനുഷ്യരൂപത്തിലും കടന്നുവരാം. ഉത്ഥാനാനുഭവ തുല്യമായിരിക്കേണ്ട കുടുംബബന്ധങ്ങൾ മരവിച്ച് കല്ലറപോലെ ആകുമ്പോൾ എല്ലാം ക്ഷമയോടെ കേൾക്കുന്ന രണ്ട് കാതുകൾ മതിയാകും ആ കല്ല് ഉരുട്ടിമാറ്റുവാൻ. കടുംകെട്ട് വീണതും, കെട്ട് പിണഞ്ഞതുമായകുടുംബ ബന്ധങ്ങളുടെ കെട്ടഴിക്കാനും, പിണച്ചിൽ തീർക്കാനും വേണം നമുക്ക് അത്തരം മാലാഖമാരെ.

**എമ്മാവൂസ് ശിഷ്യന്മാർക്കിടയിൽ നടക്കുന്ന ഉത്ഥിതൻ**

ശിഷ്യന്മാർ ഒരുമിച്ച് വന്നതിന്റെ കാരണം ഈശോ അവരെ വിളിച്ച് ഒന്നിച്ചു ചേർത്തു എന്നതാണ്. ആ ഈശോയെ നഷ്ടപ്പെട്ടപ്പോൾ



അവർ തിരിച്ചുനടക്കുകയാണ് അവരുടെ പഴയ ജീവിതത്തിലേക്ക്. അതാണ് എമ്മാവൂസിലേക്ക് പോകുന്ന ശിഷ്യന്മാരുടെ പശ്ചാത്തലം. ചിലപ്പോൾ ഞാൻ ചിന്തിക്കാറുണ്ട് ഈ തിരിച്ച് നടക്കുന്ന ശിഷ്യന്മാരുടെ മനോവികാരങ്ങളാണ് വിവാഹം കഴിഞ്ഞ് കുറച്ച് വർഷം കഴിയുമ്പോൾ ചില ഭാര്യഭർത്താക്കന്മാർക്കും ഉള്ളത് എന്ന്. പുതുമയെല്ലാം നഷ്ടപ്പെട്ട്, ചെറിയ നിരാശയോടെ ഉള്ളിന്റെ ഉള്ളിൽ തിരിച്ച് നടക്കുന്നവർ. നിങ്ങൾക്ക് രണ്ട് പേർക്കും ഇടയിൽ നടന്ന് നിങ്ങളുടെ ജീവിതത്തിന്റെ മുഴുവൻ പൊരുൾ നിങ്ങൾക്ക് മനസ്സിലാക്കി തരാൻ സാധിക്കുന്ന ഉത്ഥിതനെ തിരിച്ചറിഞ്ഞാൽ നിങ്ങളുടെ ജീവിതം അർത്ഥപൂർണ്ണമാകും – തിരിച്ച് നടക്കേണ്ടിവരില്ല.

ഉത്ഥിതനെ കണ്ടതിന്റെ സന്തോഷമാണ് ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കാനും അവനുവേണ്ടി മരിക്കാനും ശിഷ്യന്മാരേയും അവരുടെ പിൻഗാമികളേയും പ്രേരിപ്പിച്ചത്. ഈസ്റ്ററിനൊരുങ്ങുന്ന നമുക്കും ഉത്ഥിതന്റെ ജീവിതത്തിൽ ഏറ്റുപറയാം. "നമുക്കും അവനോടുകൂടെ പോയി ജീവിക്കാം..." ■

# ദുഃഖവെള്ളിയുടെ നൊമ്പരങ്ങളിലൂടെ...



ഫാ. ഷാജൻ മാണികൃത്താൻ ISch

നമ്മെ നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന നോമ്പുകാലത്തിലൂടെ നാം ചരിക്കുകയാണ്. ഭക്ഷ്യപദാർത്ഥങ്ങളുടെ വർജ്ജനം, അധികം പ്രാർത്ഥന, നന്മപ്രവൃത്തികൾ, സത്ചിന്തകൾ എന്നിവയിലൂടെ നാം കർത്താവിന്റെ ഉയിർപ്പ് തിരുനാളിന് ഒരുങ്ങുന്നു. നോമ്പുകാലത്ത് നാം പ്രത്യേകം അനുവർത്തിക്കുന്ന ഒരു ഭക്തകൃത്യം "കുരിശിന്റെ വഴി" യാണ്. യേശുവിന്റെ കുരിശിന്റെ പാതയിലൂടെയുള്ള ഒരു ആത്മീയതീർത്ഥയാത്ര. ദുഃഖവെള്ളിയാഴ്ചയുടെ തിരുകർമ്മങ്ങളിൽ നാം കുരിശിനെ വണങ്ങുകയും അനുസ്മരിക്കുകയും ചെയ്യുന്നു. കുരിശിനാലെയാണ് ഈ ലോകത്തെ വീണ്ടെടുത്തതെന്ന് ഓർമ്മിപ്പിക്കുന്ന മനോഹരമായ വായനകളും ധ്യാനാത്മകമായ പ്രാർത്ഥനകളും പ്രകീർത്തനങ്ങളും ഗീതകങ്ങളും ഈ ദിവസത്തിന്റെ പ്രത്യേകതയാണ്. ഈ ലോകത്തെ രക്ഷിച്ച പാവനമായ കുരിശിലേയ്ക്കു നിങ്ങളുടെ ശ്രദ്ധയെ തിരിക്കുന്നതോടൊപ്പം കുരിശ് വഹിക്കുന്ന നമ്മുടെ ജീവിതത്തിൽ ഇതിന്റെ അനുകരണങ്ങൾ എന്തെല്ലാമെന്ന് ചിന്തിക്കുവാനും നിങ്ങളെ പ്രത്യേകം ക്ഷണിക്കുന്നു.

ഇസ്രായേൽക്കാരുടെ കാനാൻ ദേശത്തേയ്ക്കുള്ള യാത്രയിൽ വിഷസർപ്പങ്ങളുടെ ദംശനം ഏറ്റതായി സംഖ്യയുടെ പുസ്തകം 2-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. പാമ്പുകടിയേറ്റവർ സുഖം പ്രാപിക്കാനായി ഒരു പിത്തളസർപ്പത്തെ ഉണ്ടാക്കുവാനും അതിനെ ഒരു വടിയിൽ ഉയർത്തി നിർത്തുവാനും ദൈവം മോശയോട് കല്പിച്ചു. ഈ പിത്തളസർപ്പത്തെ ദർശിച്ചവർ സുഖം പ്രാപിച്ചു. ഇതിനോട് അനുബന്ധമായ ഒരു ഭാഗം നാം യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്നുണ്ട്. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3:14). കുരിശിൽ ഉയർത്തപ്പെട്ട ദൈവകുമാരനെയാണ് നാം ദുഃഖവെള്ളിയാഴ്ച പ്രത്യേകമാംവിധം അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നത്. കുരിശിന്റെ ദർശനം സൗഖ്യദായകമാണ്. തുടർന്ന് ജീവിക്കുവാനും കൂടുതൽ സ്നേഹിക്കുവാനും അത് നമുക്ക് പ്രേരണയും പ്രചോദനവുമാകും. ഇത്തരുണത്തിൽ വിശുദ്ധ പൗലോസ്ശ്ലീഹായുടെ വചനം നമുക്ക് അനുസ്മരിക്കാം. "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ സന്ദേശം ഭോഷത്തമാ



"അന്ധകാരത്തിലും രാത്രിയിലും ദൈവം എന്റെ കൂടെ ഉണ്ടായിരിക്കും;
കാരണം, ദൈവത്തിന്റെ സ്നേഹം എപ്പോഴും എന്നെ സംരക്ഷിക്കുന്നു"



ണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ" (1 കൊറി. 1:18). ഈ ലോകസുഖസൗകര്യങ്ങളുടെയും സന്തോഷങ്ങളുടെയും വഴിയെമാത്രം പോകാൻ ഉദ്ദേശിക്കുന്നവരെയാണല്ലോ ബൈബിളിന്റെ ഭാഷയിൽ നാശത്തിന്റെ വഴിയിലുള്ളവരായി ചിത്രീകരിക്കുന്നത്. ഇടുങ്ങിയ വാതിലിന്റെ സന്ദേശം പകരുന്നിടത്തും കർത്താവ് ഏകദേശം ഇത് തന്നെയാണല്ലോ അർത്ഥമാക്കുന്നത്. സുഖസൗകര്യങ്ങളുടെ വിശാലമായ പാത തിരഞ്ഞെടുക്കുന്നവർക്ക് സ്വയം ത്യജിക്കലിന്റെയും സ്വയം നിയന്ത്രണത്തിന്റെയും പങ്കുവയ്ക്കലിന്റെയും പരിത്യാഗത്തിന്റെയും സന്ദേശങ്ങൾ ഭോഷത്തവും അനാവശ്യ കുരിശായും മാറാം. രക്ഷയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ ഉപേക്ഷയുടെയും ത്യാഗത്തിന്റെയും പരസ്നേഹത്തിന്റേതുമായ ഇടുങ്ങിയ വഴിയെ പുൽകാൻ ശ്രമിക്കും. കുരിശിലേയ്ക്കു നോക്കുകയും അതിന്റെ രഹസ്യങ്ങളെ ആഴത്തിൽ ധ്യാനവിഷയമാക്കുകയും ചെയ്യുമ്പോൾ നാം തിരഞ്ഞെടുക്കേണ്ട വഴി ഏതെന്ന്, നമുക്ക് ബോധ്യമാകും. കൂടാതെ നാശത്തിന്റേതും സഹജീവികൾക്ക് വിനാശകരവുമായ പാത ഉപേക്ഷിക്കുവാൻ നമുക്ക് പ്രചോദനം ലഭിക്കും. മനഃശാസ്ത്രം നമ്മെ പഠിപ്പിക്കുന്നതും ഇത് തന്നെയാണല്ലോ. നമ്മുടെ കുരിശുകളെ നാം സന്തോഷത്തോടെ ഏറ്റെടുക്കുമ്പോൾ അത് നമുക്ക് എളുപ്പമുള്ളതായി തീരുന്നു. അവയെ ശിക്ഷയായും പീഡനമായും കാണുമ്പോൾ അവ ഏറെ ബുദ്ധിമുട്ടുള്ളതായി തീരുന്നു. അങ്ങനെ ചെറിയ കുരിശുകൾ പോലും വലിയ ഭാരമുള്ളതായി മാറുന്നു.



ഏകാന്തതയും നിസ്സഹായതയും നമ്മെ ഭരിക്കുമ്പോഴും സംശയങ്ങളുടെ നിഴലിൽ നാം സഞ്ചരിക്കുമ്പോഴും ജീവിതത്തിന്റെ കഠിനതകൾ ഇടതടവില്ലാതെ നമ്മെ പിൻതുടരുമ്പോഴും കുരിശിന്റെ ദർശനം നമുക്ക് ആശ്വാസം പകരും. കഷ്ടതകളുടെ കനലിലൂടെ നാം സഞ്ചരിക്കുമ്പോഴും അത് യേശുവിന്റെ കുരിശോളം വരുമോയെന്ന ചോദ്യം നമ്മിൽ ഉയരും. യേശു കുരിശിൽ അനുഭവിച്ച പീഢകളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഏകാന്തതകൾ ഗൗരവമുള്ളതല്ലെന്നും നമ്മുടെ പ്രശ്നങ്ങൾ ലഘുവാണെന്നും നമുക്ക് മനസ്സിലാകും. ജീവിതത്തിന്റെ വിങ്ങലുകൾക്കും വിതുമ്പലുകൾക്കും ഇടയിലും കുരിശിന്റെ ദർശനം ആശ്വാസത്തിന്റെ കുളിർതെന്നലായി മാറും.


ജർമ്മനിയിൽ ദുഃഖവെള്ളിയാഴ്ച നിശബ്ദമായ അവധി ദിനമായി ആചരിക്കുന്നു. മറ്റ് അവധി ദിവസങ്ങളിലേതുപോലെ ശബ്ദകോലാഹലങ്ങളോടുകൂടിയ ഡാൻസ് പരിപാടികളോ മത്സരങ്ങളോ ആളുകളെ ആകർഷിക്കുന്ന ഫുട്ബോൾ മത്സരങ്ങളോ ഒന്നും ഈ ദിവസം

അനുവദനീയമല്ല. യേശുവിന്റെ കുരിശിലെ ജീവത്യാഗം അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്നവർക്ക് അത് ധ്യാനാത്മകമായി നടത്തുവാനുള്ള അവസരം ജർമ്മനിയിൽ സർക്കാർ ഒരുക്കിക്കൊടുക്കുന്നു. പ്രധാനപ്പെട്ട വ്യക്തികളുടെ ദേഹവിയോഗങ്ങളും ദുരന്തങ്ങളിൽ മരിച്ചവരുടെ ഓർമ്മകളും നമ്മുടെ നാട്ടിൽ നാം പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ എഴുന്നേറ്റ് ഒരു നിമിഷം മൗനം ആചരിച്ചുകൊണ്ട് നിർവ്വഹിക്കാറുണ്ട്. ഈ മൗനപ്രാർത്ഥനയിലൂടെ ഈ സംഭവത്തിലെ നമ്മുടെ നിസ്സഹായാവസ്ഥയും ഇരകളുടെ കുടുംബങ്ങളോടുള്ള സഹാനുഭൂതിയും ഐക്യദാർഢ്യവും നാം പ്രകടിപ്പിക്കുന്നു. ദുഃഖവെള്ളിയാഴ്ചയിലെ തിരുകർമ്മങ്ങളിൽ പരിചിന്തനത്തിനും നിശബ്ദതയ്ക്കും കൂടുതൽ പ്രാധാന്യം നൽകുന്നു. ആ ദിവസത്തിന്റെ പ്രത്യേകതയും ഗൗരവവും ഇതിൽ ഉടനീളം സ്പുരിക്കുന്നുണ്ട്. സമാനതകളില്ലാത്ത വേദനകളും ദുഃഖദുരിത പീഡകളും അനുഭവിച്ച് കാൽവരിയിൽ ദിവ്യയാഗമായി തീർന്ന ദിവ്യരക്ഷകന്റെ ഓർമ്മകൾക്ക് മുൻപിൽ മനുഷ്യൻ മൂകനും മൗനിയുമായി തീരുകയാണ്. നിർദോഷിയും നിഷ്കളങ്കനുമായ ഒരു വ്യക്തിയോട് ഇത്രമാത്രം ക്രൂരത മനുഷ്യന് എങ്ങനെ ചെയ്യുവാൻ സാധിച്ചുവെന്നുള്ളത് നമ്മെ അത്ഭുതപ്പെടുത്തുകയും നിശബ്ദരാക്കുകയും ചെയ്യുന്നു. ഈ പുണ്യദിനത്തിന്റെ പരിപാവനതയെ ഓർത്തുകൊണ്ട് നമ്മുടെ മൊബൈൽ ഫോണിന്റേയും നവമാധ്യമങ്ങളുടെയും അനാവശ്യമായ ഉപയോഗത്തിന് ഈ ദിവസം അവധി നൽകുവാൻ നമുക്ക് കഴിയുകയില്ലേ?

"അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപോലെയും രോമം കത്രിക്കുന്നവരുടെ മുൻപിൽ നിൽക്കുന്ന ചെമ്മരിയാടിനെപോലെയും അവൻ മൗനം അവലംബിച്ചു" (ഏശയ്യ. 53:7). കുഞ്ഞാടിന്റേതായ അത്ഭുതകരമായ ശാന്തതയും മൗനവും സഹനദാസനായ യേശുവിന് തന്നെ ക്രൂശിക്കുവാൻ കൊണ്ടുപോകുമ്പോഴും എങ്ങനെ ലഭിച്ചുവെന്നത് നാം അത്ഭുതത്തോടെ ധ്യാനവിഷയമാക്കേണ്ടതല്ലേ? തന്റേതല്ലാത്ത കുറ്റങ്ങൾക്ക് വേണ്ടി കുരിശിലേറ്റപ്പെടുമ്പോഴും പീഡാസഹനങ്ങളുടെ ക്രൂരമായ അനുഭവങ്ങളിലൂടെ മുന്നോട്ട്പോകുമ്പോഴും കുഞ്ഞാടിനെപ്പോലെ നിശബ്ദമായും ശാന്തമായും നിലകൊള്ളണമെങ്കിൽ നമുക്കും അവശ്യംവേണ്ടത് പരിപൂർണ്ണമായ ദൈവാശ്രയബോധമാണ്. ഈ ആശ്രയബോധത്തിന്റെ ബഹിർസ്ഫുരണമാണ് യേശുവിന്റെ കുരിശിൽ കിടന്നുകൊണ്ടുള്ള സമർപ്പണ പ്രാർത്ഥന!

"പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സർപ്പിക്കുന്നു" (ലൂക്കാ. 23:46) ഈ ലോകത്തിന്റെ നീതി തനിക്ക് എതിരായിരുന്നു; തന്റെ വത്സലശിഷ്യന്മാർ അകന്ന് നിൽക്കുന്നു; ജനങ്ങളിൽ ഭൂരിപക്ഷവും തനിക്കെതിരായി ആക്രോശിച്ചുകൊണ്ടിരിക്കുന്നു; ആരിലും പ്രതീക്ഷവയ്ക്കാൻ പറ്റാത്ത നിരാശ്രയത്വം മാത്രം ബാക്കി നിൽക്കുന്ന ഭീതിതമായ അന്തരീക്ഷം. അപ്പോഴും പ്രശാന്തതയോടെ നിലകൊള്ളണമെങ്കിൽ നിശബ്ദമായ ദൈവാശ്രയബോധം ആവശ്യമാണ്. കുരിശിനെ നോക്കിക്കൊണ്ട് ഒരു നിമിഷം മൗനമായി ചിന്തിച്ചാൽ നമുക്കും ബോധ്യമാകും ജീവിതത്തിൽ ദൈവാശ്രയബോധം എത്രമാത്രം ആവശ്യമാണെന്ന്.

രണ്ട് മരക്കഷണങ്ങൾ ചേരുമ്പോഴാണ് ഒരു കുരിശ് രൂപം പ്രാപിക്കുന്നത്. ആദ്യത്തേത് ലംബമായ ഭാഗമാണ്. താഴെ നിന്ന് മുകളിലേക്കു നിൽക്കുന്നത്. രണ്ടാമത്തേത് ഇരുവശങ്ങളിലേയ്ക്കുമുള്ളത്. താഴെനിന്ന് മുകളിലേയ്ക്കുള്ള



ഭാഗം പ്രതീകാത്മകമായി സ്വർഗ്ഗത്തേയും ഭൂമിയേയും ബന്ധിപ്പിക്കുന്നു. യേശുക്രിസ്തു നമുക്ക് ഈ ലോകത്തിനപ്പുറത്തേയ്ക്കു സ്വർഗ്ഗഗേഹത്തിലേയ്ക്ക് ഒരു ബന്ധം സാധ്യമാക്കിയതിനെ ഇത് അനുസ്മരിക്കുന്നു. യേശുവിലൂടെ ദൈവസ്നേഹത്തിന് ഒരു മുഖശ്രീ കൈവന്നു. സ്വർഗ്ഗവും ഭൂമിയും പുതുതായി ഐക്യപ്പെട്ടു. ഇതിന് കുറുകെ നിലകൊള്ളുന്നതാണ് കുരിശിന്റെ രണ്ടാമത്തെ ആ ഭാഗം. നമ്മുടെ ജീവിതത്തിൽ എതിർദിശയിൽ എന്ന് നാം കണക്കാക്കുന്ന എല്ലാത്തിനേയും ഇത് പ്രതിദാനം ചെയ്യുന്നു. നമ്മുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നവ, ജീവിതത്തിൽ മുന്നോട്ട് പോകുവാൻ സാധിക്കാതെ നമ്മെ പിടിച്ചുനിർത്തുന്നവ, നമ്മെ ഭരപ്പെടുത്തുന്നവ, നമ്മെ പിടിച്ചുതാഴ്ത്തുന്നവ തുടങ്ങിയവയെല്ലാം ഇരുവശങ്ങളിലേയ്ക്കുമുള്ള കുരിശിന്റെ ഭാഗം പ്രതിദാനം ചെയ്യുന്നു. ഇപ്രകാരമുള്ള നമ്മുടെ എല്ലാ ബുദ്ധിമുട്ടുകളെയും സ്വീകരിച്ച് ഉന്നതത്തിലേയ്ക്കു ഉയർത്തുന്നതാണ് ലംബമായിട്ടുള്ള കുരിശിന്റെ ഭാഗം. ആണികൾ തറക്കപ്പെട്ട കൈകൾ ആണെങ്കിലും അവ തുറന്നിരിക്കുന്നതായിട്ടാണ് ക്രൂശിതരൂപങ്ങളിൽ കാണുവാൻ സാധിക്കുക. കർത്താവിന്റെ തുറന്ന കൈകൾ നമ്മുടെ ദുഃഖദുരിതങ്ങൾ ഏറ്റുവാങ്ങുകയും അവയെ ഉന്നതത്തിലേയ്ക്കു ഉയർത്തുകയും ചെയ്യുന്നു. തുറന്ന കൈകളും മനസ്സുമായി നാം തനിച്ചല്ലെന്ന സത്യം നമുക്ക് മനസ്സിലാകും. കൂടാതെ വേദനിക്കുകയും വിഷമിക്കുകയും ചെയ്യുന്ന നിരവധി പേർ നമുക്ക് ചുറ്റുമുണ്ടെന്നും അവരുടെ കൈകൾ ചേർത്ത് പിടിക്കേണ്ട ആവശ്യകതയും കർത്താവിന്റെ കുരിശ് നമ്മെ ഓർമ്മിപ്പിക്കും.

കുരിശിനെ ധ്യാനിക്കുന്ന നമുക്ക് കുരിശിനോട് ചേർന്ന് നിൽക്കുന്ന പരിശുദ്ധ അമ്മയുടെ തിരുസാന്നിധ്യം മറക്കുവാൻ സാധിക്കുകയില്ല. അളവില്ലാത്ത ദുഃഖങ്ങൾ പേറുന്ന യേശുവിനോട് ചേർന്ന് നിൽക്കുന്ന പരിശുദ്ധ അമ്മ! ഈ മഹനീയ മാതൃക നമുക്ക് ജീവത്തായ സന്ദേശമാണ് നൽകുന്നത്. ദുഃഖങ്ങളുടെയും ഒറ്റപ്പെടുത്തലിന്റെയും വേദനകളുടെയും നിമിഷങ്ങളിൽ മാറിനിന്ന് കുറ്റം പറയാതെ ചേർന്ന് നിൽക്കുന്ന സ്നേഹസാന്നിധ്യമാകുവാൻ നമുക്ക് സാധിക്കണം. ഉറ്റസുഹൃത്തുക്കളുടെയും ദമ്പതിമാരുടെ ഇടയിൽപോലും പഴിചാരി സ്വന്തം മാന്യത ഉയർത്തിക്കാണിക്കുവാൻ ശ്രമിക്കുന്ന ഈ ലോകത്തിൽ വേദനയിൽ പങ്കുചേരുവാനും അതിലൂടെ അതിനെ ലഘൂകരിക്കുവാനും ശ്രമിക്കുന്നത് എത്ര വലിയ സ്വർഗ്ഗീയ പുണ്യമാണ്. കുരിശിനെപ്പറ്റിയുള്ള ഓർമ്മയും വിചിന്തനങ്ങളും അപരന്റെ കുരിശുകൾ കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കണം.

കുരിശുകൾ നമ്മെ സ്വർഗ്ഗവുമായി ബന്ധിപ്പിക്കുന്നതാണെന്ന ബോധ്യം നമുക്കുണ്ടാകട്ടെ! ക്രിസ്തുവിനെപ്പോലെ മറ്റുള്ളവർക്ക് വേണ്ടി നാം കുരിശു ചുമക്കുമ്പോൾ സ്നേഹത്തിന്റെ നീർച്ചാലുകൾ ഉത്ഭവിക്കുന്നുണ്ടെന്ന് നമുക്ക് വിശ്വസിക്കാം. ഒരു കുരിശും ദുഃഖവെള്ളിയാഴ്ചയിൽ അവസാനിക്കുകയില്ലെന്നും അതിന് ഉയിർപ്പിന്റെ മാഹാത്മ്യം ഉണ്ടാകുമെന്നും നമുക്ക് ഉറച്ചു വിശ്വസിക്കാം. ■

"എന്തുകൊണ്ട് കുരിശുകളും സഹനങ്ങളും തരുന്നതെന്ന് ചിന്തിക്കാതെ
എന്തിനുവേണ്ടിയാണ് അവ എന്ന് ചോദിക്കുക"

## ചിരിക്കാൻ ചിന്തിക്കാൻ

# 'അടക്ക് പ്രാഞ്ചി'



നാളയെക്കുറിച്ച് ഒരുപാട് ആധിയുള്ള പ്രാഞ്ചിയേട്ടൻ നോമ്പുകാലം പ്രമാണിച്ച് പള്ളിയിൽ മുടങ്ങാതെ പോയി പ്രാർത്ഥിക്കണമെന്നു തീരുമാനിച്ചു. എല്ലാ ദിവസവും അദ്ദേഹത്തിന് പ്രാർത്ഥിക്കുവാൻ ഒരു നിയോഗമേ ഉണ്ടായിരുന്നുള്ളൂ. അത് ഇതായിരുന്നു 'ദൈവമേ എന്റെ കുടുംബത്തിലെ ആരും മരിക്കല്ലേ' പ്രാഞ്ചിയേട്ടന് അത്രയ്ക്ക് ഭയമായിരുന്നു മരണത്തെ. എല്ലാ ദിവസവും കിടന്നുറങ്ങുന്നതിന് മുൻപും അദ്ദേഹം പ്രാർത്ഥിക്കും; ദൈവമേ എന്റെ കുടുംബത്തിലെ ആരും മരിക്കല്ലേ എന്ന്. അങ്ങനെയിരിക്കുമ്പോഴാണ് നോമ്പുകാല ധ്യാനം പള്ളിയിൽ ആരംഭിച്ചത്. ധ്യാനഗുരു ആദ്യദിവസം തന്നെ മരണത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. ഏതു നിമിഷവും, ഏതു സമയവും നാം മരിക്കും. മരണത്തിന് സമയമില്ല, സ്ഥലമില്ല. എല്ലാ സ്ഥലത്തും മരണം പതിയിരിക്കുന്നുണ്ട്. മനസ്സിന് സമാധാനം കിട്ടുമെന്ന് വിചാരിച്ച് ധ്യാനം കൂടാൻ ചെന്നതാണ് പ്രാഞ്ചിയേട്ടൻ. എന്തിനു പറയാൻ! ആദ്യദിവസം തന്നെ പുള്ളിക്കാരന് ആധികൂടി. ധ്യാനത്തിന്റെ രണ്ടാം ദിവസവും ധ്യാനഗുരു പറഞ്ഞ് പറഞ്ഞ് വീണ്ടും മരണമെന്ന വിഷയത്തിലേക്ക് കടന്നു. പ്രാഞ്ചിയേട്ടന്റെ ഉള്ളിൽ രോഷം ആളിക്കത്തി. തന്നെത്തന്നെ നിയന്ത്രിക്കാൻ കഴിയാതെയായി. രോഷം അണപൊട്ടിയൊഴുകി. പ്രാഞ്ചിയേട്ടൻ എഴുന്നേറ്റ് നിന്ന് ആക്രോശിച്ചു; ഇനി ഒരു വാക്ക് അച്ചൻ മരണത്തെക്കുറിച്ച് സംസാരിച്ചാൽ അച്ചന്റെ അടക്ക് ഞാൻ ഇവിടെ നടത്തും; സഹിക്കണേലും ഉണ്ട് ഒരു പരിധി. പള്ളിയിൽ കൂട്ടച്ചിരി മുഴങ്ങി. ധ്യാനഗുരുവിന് ഒന്നും മനസ്സിലായില്ല. വികാരിയച്ചൻ ആകെ വിയർത്തു. ധ്യാനഗുരുവിനെ ആക്ഷേപിച്ചല്ലോ എന്നോർത്ത് വികാരിയച്ചന്റെ മനസ്സു വിഷമിച്ചു നിൽക്കുമ്പോൾ പ്രാഞ്ചിയേട്ടൻ ഭാര്യയുടെ അവസരോചിതമായ ഇടപെടൽ എല്ലാത്തിനും പരിഹാരമായി. പ്രാഞ്ചിയേട്ടന്റെ ഭാര്യ പറഞ്ഞു: 'അച്ചോ, അതിയാന് മരണത്തെ വല്ലാത്ത ഭയമാണ്. എന്റെ കുടുംബത്തിലെ ആരും മരിക്കല്ലേ എന്നാണ് അദ്ദേഹത്തിന്റെ പ്രാർത്ഥന.' അന്നു മുതൽ പ്രാഞ്ചിയേട്ടന് ഒരു വിളിപ്പേര് ലഭിച്ചു 'അടക്ക് പ്രാഞ്ചി.' അച്ചന്റെ അടക്ക് നടത്തുമെന്ന് പറഞ്ഞതിനാലാണ് ഈ പേര് ലഭിച്ചത്.

**നമുക്കൊന്നു കാതോർക്കാം**

"മരണം ക്ഷണിക്കാതെ വരുന്ന
അതിഥിയാണ്" **JK** ■

"നിഷ്കളങ്കനായ ശിശുവിനെപ്പോലെ ഭാവിയെക്കുറിച്ച് ആകുലതയില്ലാതെ ജീവിക്കുക"






# അവധിക്കാലം ആഘോഷമാക്കാം



ഡീക്കൻ റൊണാൾഡ് ISch

ഒട്ടും കാത്തിരിക്കേണ്ടി വന്നില്ല, ഈ വർഷത്തെ മധ്യവേനലവധി തുടങ്ങാൻ. കാരണം കൊറോണ വൈറസ് കോവിഡ് 19. കുട്ടികൾക്ക് ഏറെ സന്തോഷമായിട്ടുണ്ടാവും. പക്ഷെ ജാഗ്രത പാലിക്കണം. ആരോഗ്യം സൂക്ഷിക്കണം.

അല്ല അവധിക്കെന്താണ് പരിപാടി? പരിപാടികൾ ഒന്നുംതന്നെ സെറ്റ് ചെയ്തിട്ടില്ലെങ്കിൽ നമുക്കൊന്ന് അവധിക്കാലം അടിപൊളിയാക്കാനുള്ള ഒരു പരിപാടി പ്ലാൻ ചെയ്താലോ. സിലബസിൽ പെടാത്ത ചില കാര്യങ്ങൾ ഒരുപക്ഷേ നമ്മൾ പഠിച്ചാൽ അതു നമ്മെ അല്പംകൂടി ക്വാളിറ്റി ഉള്ള മനുഷ്യരാക്കും എന്നുള്ളത് തീർച്ച.

എല്ലാ വർഷവും അവധിക്കാലത്ത് വലിയ പ്ലാനുകൾ ഉണ്ടാക്കാറുണ്ട്. പക്ഷെ ഒന്നും നടക്കാറില്ല. ഇങ്ങനെയാണ് അവസ്ഥയെങ്കിൽ ഒരു കാര്യം.

എം. സ്കോട്ട് പെക്കിന്റെ, 'ദി റോഡ് ലെസ് ട്രാവൽഡ്' എന്ന് പറയുന്ന പുസ്തകത്തിൽ, ഒരുപാട് കാര്യങ്ങൾ പ്ലാൻചെയ്തിട്ട് ഒന്നും ചെയ്യാനാവാത്ത ഒരാൾ ഗ്രന്ഥകാരന്റെ അടുത്ത് സഹായത്തിനെത്തുന്നു. ഗ്രന്ഥകാരൻ തിരക്കി 'നിങ്ങൾ എങ്ങനെയാണ് കേക്ക് കഴിക്കുന്നത് ? അയാൾ മറുപടി പറഞ്ഞു ആദ്യം ക്രീം മുഴുവൻ കഴിക്കും പിന്നീടാണ് അതിന്റെ സോളിഡ് ആയിട്ടുള്ള ഭാഗം കഴിക്കുന്നത്. ഗ്രന്ഥകാരൻ അയാളെ ഇങ്ങനെ ഉപദേശിച്ചു. ഇതാണ് നിങ്ങളുടെ ജീവിതത്തിലും പറ്റിയത്. എളുപ്പമുള്ളതും രസകരമായതുമാണ് നിങ്ങൾ ആദ്യം – ചെയ്യുന്നത്. പിന്നീട് ഏറ്റം പ്രധാനപ്പെട്ടതും. അൽപ്പം ശ്രമകരവുമായ കാര്യങ്ങൾ നിങ്ങൾ ചെയ്യാതെ പോവുകയും അത് വലിയ ദു:ഖത്തിന് കാരണമാവുകയും ചെയ്യും. മൊബൈൽഫോണും സിനിമയുമൊക്കെ സന്തോഷം തരും എന്നതു ശരിതന്നെ. എന്നാൽ ഗുണകരമായ എന്തെങ്കിലും ചെയ്യുന്നതാണ് നിങ്ങൾക്ക് നീണ്ടുനില്ക്കുന്ന സന്തോഷം തരിക എന്നുള്ളത് മറക്കരുത്.

പഠനം എന്നുള്ള നമ്മുടെ അദ്ധ്വാനത്തെ എങ്ങനെ മികവുറ്റതാക്കാം എന്ന് ചിന്തിക്കാനുള്ള സമയവുംകൂടിയാണ് നമ്മുടെ അവധിക്കാലം. പഠനത്തിലെ പല കീറാമുട്ടികളേയും എങ്ങനെ ശരിപ്പെടുത്തി എടുക്കാം എന്ന് പദ്ധതി തയ്യാറാക്കുവാനും അതിന് ആവശ്യമായ ഉപാധികൾ കണ്ടുപിടിക്കുവാനും ശ്രമിക്കാം.

നാടെങ്ങും പകർച്ച വ്യാധിയുടെ ഭീഷണിയിലാണ്. അതിനാൽ ആരോഗ്യം പ്രത്യേകം ശ്രദ്ധിക്കണം. വീട്ടിൽ തന്നെ ഇരുന്ന് നമുക്ക് നിരവധി കാര്യങ്ങൾ ചെയ്യുവാനും പഠിക്കുവാനും സാധിക്കും. ഓരോ വിദ്യാർത്ഥിയും എന്തായിത്തീരാൻ ആഗ്രഹിക്കുന്നുവോ അതിന് ഉതകുന്ന കാര്യങ്ങൾ കണ്ടെത്തി അതിൽ മുന്നേറാൻ ശ്രമിക്കണം. ഒന്നും ചെയ്യാനും ചിന്തിക്കാനും ഇല്ല എന്ന് തോന്നുമ്പോഴാണ് നമുക്ക് വിരസത–ബോറിംഗ് ഉണ്ടാകുന്നത്. നമ്മുടെ വിരസത നമ്മെയും മറ്റുള്ളവരെയും അലോസരപ്പെടുത്തും. അതുകൊണ്ട് ആരുടെയും നിർബന്ധമില്ലാതെ നാം തന്നെ നമ്മുടെ സമയത്തെ നല്ലകാര്യങ്ങൾക്കായി ചിട്ടപ്പെടുത്തണം. സ്വതന്ത്രമായി ചിന്തിക്കുവാനും സ്വയം കാര്യങ്ങൾ പഠിക്കുവാനുമുള്ള പരിശ്രമവും കൂടിയാകട്ടെ ഈ ഉല്ലാസ കാലം. ■

"യഥാർത്ഥ ഹീറോ വലിയ കാര്യങ്ങൾക്കുവേണ്ടി സ്വയം സമർപ്പിക്കുന്നവനാണ്"



## ഹൃദയമൊഴി



# ആത്മാവിന്റെ സംഗീതം

ഡോ. ജോയ് പുതുശ്ശേരി ISch

"ശിഷ്യത്വത്തിന്റെ വെല്ലുവിളികൾ ഇന്ന് " എന്ന ലേഖനത്തിൽ ബാരി കൂപ്പർ (Barry Cooper) ശിഷ്യത്വത്തെക്കുറിച്ച് പറയുന്ന ഒരു വസ്തുത ചിന്തനീയമാണ്. ശിഷ്യനായി വളരുന്നതിൽ വലിയൊരു വെല്ലുവിളി നമ്മൾ എന്ത് മാത്രം ശിഷ്യത്വത്തെ സ്വാംശീകരിക്കുന്നു എന്നതിലാണ്.

ഇന്നത്തെ വലിയ വെല്ലുവിളികൾക്കു കാരണമായി ബാരി കൂപ്പർ ഉയർത്തിക്കാട്ടുന്നത് ആത്മാവിന്റെ സംഗീതം (സ്വരം) നഷ്ടപ്പെടുന്നതും അത് തിരിച്ചറിയാൻ കഴിയാതെ പോകുന്നതുമാണ്. ഇത്തരം നഷ്ടപ്പെടുത്തലിന് കാരണം നമ്മൾ എപ്പോഴും അനുകരിക്കുവാനുള്ള തിരക്കിലാണ് എന്നതാണ്. കാണുന്നതും കേൾക്കുന്നതും നെല്ലും പതിരും വേർതിരിച്ചെടുക്കാതെ അതേപടി ചെയ്യുവാൻ നാം പരിശ്രമിക്കുന്നു. ഒരു ചെറിയ കഥയിലൂടെ അദ്ദേഹം ഈ പ്രവണതയെ വ്യക്തമാക്കുന്നുണ്ട്.

ഒരു ഹാളിൽ ഒത്തിരി പേർ കൂടിയിരിക്കുന്നു. ശ്രദ്ധയോടെ വീക്ഷിക്കുമ്പോൾ മനസ്സിലാകുന്നതു എല്ലാവരും ഹാളിൽ വളരെ ഉത്സാഹത്തോടെ, സന്തോഷത്തോടെ ഡാൻസ് ചെയ്യുന്ന ഒരു കുട്ടിയെയാണ് ശ്രദ്ധിക്കുന്നത്. മനസ്സും, ശരീരവും താളാത്മകമായി ചലിക്കുമ്പോൾ കാണുന്നവർക്കും, ഡാൻസ് ചെയ്യുന്നവനും സന്തോഷം. സസൂക്ഷ്മം നോക്കിയാൽ ഡാൻസ് ചെയ്യുന്ന കുട്ടിയുടെ ചെവിയിൽ ഹെഡ്സെറ്റ് കാണാം. താൻ കേട്ട് കൊണ്ടിരിക്കുന്ന സംഗീതത്തിനനുസരിച്ചാണ് കുട്ടി ചുവട് വയ്ക്കുന്നത്. അതുകൊണ്ടാണ് ശരീരത്തിന്റെ ചടുലനീക്കങ്ങൾക്കു ഭംഗിയും, താളവും ഉണ്ടായത്.


ഡാൻസ് കാണുന്നവരുടെ എണ്ണം കൂടിവന്നു. കൂട്ടത്തിൽ റിക്കി എന്ന പയ്യന് ഡാൻസ് ചെയ്യുന്നവനോട് കൂടെ അതേ ചടുലതയിൽ നൃത്ത ചുവടുകൾ വയ്ക്കുവാൻ ആഗ്രഹിച്ചു. റിക്കി പതിയെ നൃത്ത ചുവടുകൾ വീക്ഷിച്ചു. കുറച്ച് കഴിഞ്ഞ് പതിയെ റിക്കിയും ഡാൻസ് ചെയ്യുന്ന കുട്ടിയെ പോലെ ഡാൻസ് ചെയ്യുവാൻ തുടങ്ങി. പക്ഷേ, അധികം ദീർഘിപ്പിക്കാതെ റിക്കിയുടെ ഉന്മേഷം പടിപടിയായി കുറയുവാൻ തുടങ്ങി റിക്കി ക്ഷീണിതനാവുകയും ചെയ്തു. അപ്പോഴും ഡാൻസ് ചെയ്തിരുന്ന കുട്ടി ഉന്മേഷത്തോടെ ഡാൻസ് തുടർന്നുകൊണ്ടിരുന്നു.

അപ്പോൾ റിക്കിക്ക് ഒരു കാര്യം മനസ്സിലായി. ഇത്രയും നേരം താൻ സംഗീതമില്ലാതെയാണ് ഡാൻസ് ചെയ്തതെന്ന്. തന്റെ അനുകരണം ബാഹ്യമായ കാര്യങ്ങൾ മാത്രമാണ് ശ്രദ്ധിച്ചത്. സംഗീതമില്ലാതെ ഡാൻസ് ചെയ്യുമ്പോൾ ശരീരം ക്ഷീണിക്കും, മന്ദതയുണ്ടാകും. ഉത്സാഹവും കുറയും.



"ദൈവമേ ഞാൻ ദുർബലനും നിസ്സാരനുമായതിനാൽ എന്നെ കരുണയുടെ അത്ഭുതമാക്കിമാറ്റണമേ"





ഇതു തന്നെയാണ് ശിഷ്യത്വത്തിലും സംഭവിക്കുന്നത് എന്നാണ് ബാരി കൂപ്പർ പറയുന്നത്. ദൈവാനുഭവത്തിൽ നിന്നുണ്ടാകുന്ന ആത്മാവിന്റെ സംഗീതം നഷ്ടപ്പെടുത്തി നാം യേശുവിനെ പിൻതുടരുമ്പോൾ വഴിയോര കാഴ്ചകൾ നമ്മുടെ താളം തെറ്റിക്കും. അനുകരിക്കുന്നതിന് നാം പ്രാധാന്യം കൊടുക്കുമ്പോൾ പ്രാർത്ഥനയിലൂടെയും ആദ്ധ്യാത്മിക ശിക്ഷണത്തിലൂടെയും ദൈവവുമായുള്ള ഒരു വൈയക്തിക ബന്ധം സ്ഥാപിക്കുന്നതിൽ നാം പരാജയപ്പെടുന്നു. ഇത് തന്നെയാണ് ശിഷ്യത്വത്തിലെ ഇന്നിന്റെ വെല്ലുവിളി. അനുകരണത്തിനു മാത്രം ശ്രദ്ധ ഉന്നൂന്ന ആദ്ധ്യാത്മികജീവിതത്തിൽ സന്തോഷവും ആനന്ദവും ദീർഘനേരത്തക്കുണ്ടാവില്ല. ആദ്ധ്യാത്മിക അനുകരണത്തിൻ നിന്ന് ആദ്ധ്യാത്മിക അനുഭവത്തിലേക്ക് നാം ഉയരണം, വളരണം.

ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ Christ is Alive (ക്രിസ്തു ജീവിക്കുന്നു) യുവജനങ്ങളോട് പ്രത്യേകമായി പറയുന്ന കാര്യമാണ്, മറ്റുള്ളവരെ അനുകരിച്ചുകൊണ്ട് നിങ്ങളാരും വിശുദ്ധരാവുകയില്ല. വിശുദ്ധരുടെ ജീവിതം നിങ്ങൾക്ക് ഉത്തേജനമായിരിക്കണം. അവരെ അനുകരിക്കാൻ പരിശ്രമിക്കുമ്പോൾ ചിലപ്പോൾ ദൈവം നിങ്ങൾക്ക് മാത്രമായി ഒരുക്കിയിരിക്കുന്ന പദ്ധതിയിൽ നിങ്ങൾ വ്യതിചലിക്കുകയായിരിക്കുകയും ചെയ്യുക. നിങ്ങൾ നിങ്ങളെതന്നെ കണ്ടെത്തണം. നിങ്ങളുടെ വിശുദ്ധിയിലേക്കുള്ള മാർഗ്ഗം കോപ്പി ആകാതെ നിങ്ങൾ നിങ്ങളാകുന്നതിലൂടെ നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയും സ്വപ്നവും നിങ്ങൾ പൂർത്തീകരിക്കുകയാണ് (Christ is Alive 162).

ആത്മാവിന്റെ സംഗീതമനുസരിച്ചുള്ള ദൈവാനുഭവം നമ്മെ എപ്പോഴും മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തരാക്കും. കല്ലറയിൽ അടക്കപ്പെട്ട കർത്താവിനെ അന്വേഷിച്ച മഗ്ദലേന മറിയം അതിരാവിലെ തോട്ടത്തിലേക്കു വരുമ്പോൾ എന്തുകൊണ്ട് കരയുന്നതെന്ന ചോദ്യത്തിന് തോട്ടക്കാരനാണെന്ന് കരുതി, കർത്താവിനോട് പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്: "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടു പോയി" (യോഹ. 20:13). അനുഭവത്തിലൂടെ സ്വന്തമാക്കിയ ദൈവത്തെയാണ് മഗ്ദലേന മറിയം അന്വേഷിച്ചതും ആ ദൈവത്തെ തന്നെയാണ് അവൾക്ക് നഷ്ടപ്പെട്ടതും.

ആത്മീയ പരിത്യാഗ പ്രവൃത്തികളിലൂടെ ആർജ്ജിച്ചെടുത്ത നോമ്പിന്റെ ചൈതന്യം മഗ്ദലേന മറിയത്തെപ്പോലെ "എന്റെ കർത്താവിന്റെ" അനുഭവത്തിലേക്ക് നയിക്കുമ്പോൾ ഉയിർപ്പുകാലം ആത്മാവിന്റെ സംഗീതം അനുഭവിക്കുന്ന സമയമായി മാറും. ■

# വാർത്താജാലകം

- **കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി വെഞ്ചെരിപ്പ്:** ഷേൺസ്റ്റാട്ട് അക്കാദമിയുടെ പുതിയ കോളേജ് കെട്ടിടം തൃശ്ശൂർ അതിരൂപതയുടെ ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 2019 ഡിസംബർ 14-ാം തിയ്യതി വെഞ്ചെരിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കന്മാരുമെല്ലാം പ്രസ്തുത കർമ്മത്തിൽ പങ്കുചേർന്നു.
- **സാൾട്ട് – നക്ഷത്രരാഗ**
  സാൾട്ട് ലൈഫ് സ്കൂളിന്റെ നേതൃത്വത്തിൽ ജോസഫ് മെമ്മോറിയൽ നക്ഷത്രരാഗ 2019 കരോൾ ഗാന മത്സരം കുറ്റൂർ സീയോൻ സെന്ററിൽ അരങ്ങേറി. ഡ്യുയറ്റ് & ഗ്രൂപ്പ് സോങ്ങ് മത്സരങ്ങളിൽ 18 ടീമുകൾ പങ്കെടുത്തു. എല്ലാവർഷവും ഡിസംബർ അവസാനത്തെ ശനിയാഴ്ചയാണ് നക്ഷത്രരാഗ കരോൾ ഗാനമത്സരം.
- **ഇടവകയിലെ ഷേൺസ്റ്റാട്ട് വൈദികർ :** ഫാ. ക്രിസ്റ്റോ കാരക്കാട്ട് തലശ്ശേരി അതിരൂപതയിലെ കിളിയന്തറ, സെന്റ് മേരീസ് പള്ളിയിലെ കൊച്ചച്ചനും ഫാ. ഫ്രാൻസീസ് സ്രാമ്പിക്കൽ എറണാകുളം – അങ്കമാലി അതിരൂപതയിലെ ചാത്തമ്മ നിത്യസഹായ മാതാ ദേവാലയത്തിന്റെ വികാരിയായും സേവനം ആരംഭിച്ചിരിക്കുന്നു.
- **സ്നേഹഉടമ്പടി :** കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിലെ +2 വിദ്യാർത്ഥികൾ തങ്ങളെ പരിശുദ്ധ അമ്മയ്ക്കു സമർപ്പിച്ചുകൊണ്ട് സ്നേഹഉടമ്പടി നടത്തി. ഫാ. ബിബിൻ, ഫാ. റോയി, ഫാ. ഷിജോ എന്നിവർ സ്നേഹ ഉടമ്പടി നടത്തുന്നതിനായി വിദ്യാർത്ഥികളെ ഒരുക്കുകയും നയിക്കുകയും ചെയ്തു.
- **College Day**
  ആളൂർ ഷേൺസ്റ്റാട്ട് അക്കാദമി കോളേജ് ഡേ 2020 ജനുവരി 14-ാം തിയ്യതി സിനിമതാരം ശ്രീമതി ഊർമ്മിള ഉണ്ണി ഉദ്ഘാടനം ചെയ്തു. റീജനൽ സുപ്പീരിയർ ബഹു. ഫാ. ജോയി മടത്തുംപിടി, പ്രിൻസിപ്പാൾ ഫാ. സനീഷ് മുളകുന്നത്ത്, വൈസ് പ്രിൻസിപ്പാൾ ഫാ. ജെറിൻ ചൂണ്ടൽ തുടങ്ങിയവരും സന്നിഹിതരായിരുന്നു.
- **യാത്രാമംഗളം :** കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിലെ +2, ഡിഗ്രി, എൻ.ഐ.ഒ.എസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പു നല്കി. മാനേജർ ഫാ. റോയി വെണ്ണൂക്കാരൻ, പ്രിൻസിപ്പാൾ ഫാ. ബിജു പാറപ്പുറം, അദ്ധ്യാപികമാരായ താര ടീച്ചർ, സിജി ടീച്ചർ, പ്രിൻസി ടീച്ചർ എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്നു.
- **ജർമ്മൻ ഭാഷാപഠനം:** SLA (Schoenstatt Language Academy) യുടെ ജർമ്മൻ ഭാഷാ ക്ലാസ്സുകൾ തൃശ്ശൂരിലും ഇരിങ്ങാലക്കുടയിലും ഷേൺസ്റ്റാട്ട് വൈദികരുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : Fr Johnson Panthappillil, Phone - 9447824812
  www.schoenstatt-fathers.in/german-course
- **ബൊക്കെ & കിരീടം** : ആദ്യകുർബ്ബാന സ്വീകരണത്തിന് ഒരുങ്ങുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള ബൊക്കെയും കിരീടവും ഓർഡർ അനുസരിച്ച് ഉണ്ടാക്കി കൊടുക്കുന്നു.
  ബന്ധപ്പെടുക : Fr Bibin Parambi,
  Phone - 9497304825, Saltt Office : 9747431471
  Schoenstatt Fathers, Sion Centre, Kuttur, Thrissur
- **കോഴ്സുകൾ** : 2020 ഏപ്രിൽ 3 മുതൽ മെയ് 31 വരെ കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിൽ സ്പോക്കൺ ഇംഗ്ലീഷ്, മലയാളം, ടാലി, എം.എസ് ഓഫീസ് എന്നീ കോഴ്സുകൾ നടത്തുന്നു. താല്പര്യമുള്ളവർ കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക : **8086759173**

കേരളത്തിലെ ഷേൺസ്റ്റാട്ട് വൈദികരുടെ പ്രവർത്തനങ്ങളെ കുറിച്ച് കൂടുതൽ അറിയുവാൻ : www.schoenstatt-Fathers.in സന്ദർശിക്കുക.

**"ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക"**



# Learn German Language in

# SLA

## Schoenstatt Language Academy

**Schoenstatt Fathers**
**Thrissur | Aluva | Chalakudy**

SLA is the foreign language institute (German, Spanish, English, and Italian) of the Schoenstatt Fathers, having its headquarters in Germany. SLA is offering at present German courses – "Telc" A1, A2, B1 and B2 - at our centres in Thirssur | Aluva | Aloor (Chalakudy - Irinjalakuda) and also conducts the "telc" exams and issues the course certificates in collaboration with "Sprachforum."

Mainly a resource team of Schoenstatt Fathers, who have made their studies in Germany and also lived and worked over there for years - with proficiency in German language and also very much acquainted with the culture over there -, is ready to lead you all to this communicative com petence!

**Contact: For Admission details: Fr. Johnson Panthappillil, director, 9447824812; E-Mail ID : frjpanthappillil@gmail.com**

**Fr. Praise Ovumkamalil ISch (In charge of Aloor German Language Academy) 9048329248**
**E-ID: praiseoa@gmail.com**






## ഷേൺസ്റ്റാട്ട് വൈദീക സമൂഹത്തിലേയ്ക്ക് സ്വാഗതം


**Mary Matha Schoenstatt Bhavan**
**Anathadam, Aloor**
**Thrissur-680 683**
**Rector: 9495640525**

**Sion Centre**
**Schoenstatt Fathers**
**Kuttur P.O . Thrissur**
**Kerala-860 013**
**Mob: 9745594117**

**Schoenstatt Study House**
**P.B. No. 618**
**Aluva-683 102**
**Mob: 8921020278**




" ജ്വലിക്കുന്ന നാളമായി നമുക്ക് എരിയാം
സസന്തോഷം ജനതകളിലേക്കിറങ്ങാം
രക്ഷാകര ദൗത്യത്തിന് സാക്ഷികളാകാം
എല്ലാവരേയും സഹർഷം
ത്രിത്വൈക ദൈവത്തിങ്കലേയ്ക്ക് നയിക്കാം..."

ദൈവദാസൻ ഫാ. ജോസഫ് കെന്റണിക്ക്

Published by: Schoenstatt Fathers, Sion Centre Kuttur P.O. Thrissur - 680 013, Printed at Santhibhavan © 0487 2428601